**<u>ചട്ടം 58 പ്രകാരമുള്ള ചർച്ച:</u>**

<u>മി. സ്പീക്കർ</u>: 2014 ഫെബ്രുവരി 6–ാം തീയതി സഭയിൽ സമർപ്പിച്ച "സർക്കാരിന്റെ കരട് കാർഷിക നയം – 2013" സംബന്ധിച്ച് ചർച്ച ഉന്നയിക്കുന്നതിന് ഡോ. എൻ. ജയരാജ് നൽകിയ നോട്ടീസിന്മേലുള്ള ചർച്ച.

<u>ഡോ. എൻ. ജയരാജ്</u>: സർ, വളരെ ഗൗരവമുള്ള ഒട്ടേറെ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുള്ള മഹത്തായ ഈ സഭയിൽ കാർഷിക കേരളത്തിന്റെ പ്രശ്നങ്ങളെ സമഗ്രമായി പ്രതിപാദിച്ചുകൊണ്ടുള്ള കേരളത്തിന്റെ കാർഷിക നയം ചർച്ച ചെയ്യാൻ അനുവാദം നൽകിയതിന് അങ്ങയോടും ബി.എ.സി. അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുകയാണ്. ഇന്ത്യയുടെ പ്രഥമ പ്രധാന മന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വാക്കുകൾ ഈ ചർച്ചയിൽ ഏറെ പ്രസക്തമാണെന്ന് ഞാൻ വിശ്വസിക്കുകയാണ്. Everything else can be wait, but not agriculture -എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. മറ്റേതൊരു കാര്യവും മാറ്റി വയ്ക്കാം പക്ഷെ, കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാറ്റി വയ്ക്കാൻ പാടില്ലെന്നുള്ള അദ്ദേഹത്തിന്റെ വാക്കുകൾ അന്വർത്ഥമാക്കിക്കൊണ്ടാണ് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷിയെ ഹൃദയപൂർവ്വം സ്നേഹിക്കുന്ന കൃഷിക്കാരനായ കൃഷിവകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനനും അദ്ദേഹത്തോടൊപ്പമുള്ള വിദഗ്ദ്ധ സമിതിയും ഈ കരട് നയത്തിന് രൂപം നൽകിയിട്ടുള്ളത്. കേരളത്തിന്റെ നഷ്ടമായിക്കൊണ്ടിരിക്കുന്ന കാർഷിക പെരുമയേയും സമൃദ്ധിയേയും പുനരുജ്ജീവിപ്പിക്കുവാൻ സമഗ്രമായ ഈ കരട് നയത്തിന് കഴിയട്ടെയെന്ന് ആഗ്രഹിക്കുകയാണ്. സമൂഹത്തിന്റെ നാനാതുറയിലും കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഒട്ടേറെ ആളുകൾ അവരുടെ അനുഭവങ്ങൾ പങ്കുവച്ചും ആശയങ്ങളുമായി

സംവദിച്ചുകൊണ്ടും നൽകിയ ഈ കരട് രേഖ ഭാവി കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് കൂടുതൽ കരുത്തും ഊന്നലും നൽകുവാൻ ഇടയാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരുകാലഘട്ടത്തിൽ നമ്മുടെ നാട്ടിൻപുറങ്ങളിലും ഗ്രാമങ്ങളിലും ഇതുപോലുള്ള സായാഹ്നങ്ങളിൽ കർഷകരുടെ സാന്നിദ്ധ്യംകൊണ്ട് വളരെയേറെ സജ്ജീവമായിരുന്നു. മഞ്ഞണിഞ്ഞ് പൊന്നണിഞ്ഞുനിൽക്കുന്ന നിറഞ്ഞുനിൽക്കുന്ന വയലേലകളും നിറഞ്ഞൊഴുകന്ന പുഴകളും തോടുകളും ഒരു കാലഘട്ടത്തിൽ കേരളത്തിന്റെ സമൃദ്ധിയുടെ പ്രതീകങ്ങളായിരുന്നു. ആ വയലേലകളിൽ പൂത്തുനിന്ന വയൽചുള്ളികളും തഴുതാമയും ബ്രഹ്മിയുമൊക്കെ ഇന്ന് ഏതാണ്ട് അപ്രത്യക്ഷമായി. ആ പാടങ്ങളിൽ ഉണ്ടായിരുന്ന പ്രാവുകളും മറ്റ് പക്ഷികളുമൊക്കെ ഇന്ന് അവരുടേതായ വഴികൾ തേടി അന്യമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ കാർഷിക നയത്തെക്കുറിച്ച് ഞാൻ ഇവിടെ നിന്ന് സംസാരിക്കുമ്പോൾ അന്യമായിപ്പോയ ഒരു നഷ്ടബോധം അറിഞ്ഞോ അറിയാതെയോ എന്റെ മനസ്സിലേയ്ക്ക് കടന്നുവരികയാണ്. ഒരു കാലഘട്ടത്തിൽ സമൃദ്ധമായിരുന്ന നമ്മുടെ കാർഷികസംസ്കാരവും കാർഷിക പൈതൃകവും നമ്മുടെ വികസനത്തിന്റെ കാഴ്ചപ്പാടുകളിലെവിടെയോ ഉണ്ടായ താളംതെറ്റലുകളിൽ നഷ്ടപ്പെട്ടുപോയിയെന്ന യാഥാർത്ഥ്യം തിരിച്ചറിയേണ്ടതുണ്ട്. ഒരുപക്ഷെ, മലയാളിയുടെ വികസന സങ്കൽപങ്ങൾക്ക് രൂപം നൽകിയപ്പോൾ അറിഞ്ഞോ അറിയാതെയൊ അടിസ്ഥാനപരമായ കാർഷിക മേഖലയെ അവഗണിച്ചുപോയെന്ന് പറയുന്നത് ഒരർത്ഥത്തിൽ യാഥാർത്ഥ്യമല്ലേയെന്ന് ചിന്തിക്കേണ്ടതുണ്ട്. നെല്ലിൻപാടങ്ങളിലൂടെ വളഞ്ഞൊഴുകുമാറുകൾ..............ഉറവയൊഴുക്കുന്ന പുടവകസവല്ലയോയെന്ന് പാടിയ കവിയും മയൂരസന്ദേശമെഴുതിയ, വലിയകോയിത്തമ്പുരാൻ

രണ്ടും മൂന്നും തവണ കൃഷിയേറ്റുന്ന കണ്ടങ്ങളെയും ഞണ്ടും മുണ്ടും വടിവൊടുകളിക്കുന്ന കച്ചങ്ങളെയുമെന്ന് വളരെ മനോഹരമായി വർണ്ണിച്ചിട്ടുണ്ട്. പക്ഷെ, ഇന്ന് കേരളത്തിന്റെ ഏത് ഭാഗത്ത് ചെന്നുകഴിഞ്ഞാലും രണ്ടും മൂന്നും തവണ കൃഷിയേറ്റുന്ന കണ്ടങ്ങളോ പാടങ്ങളോ വളഞ്ഞുപുളഞ്ഞൊഴുകുന്ന പുഴകളോ ആറുകളോ ഇല്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കാർഷിക സംസ്കൃതിയുടെ തിരിച്ചുവരവിനുവേണ്ടിയുള്ള ഈ ഗവൺമെന്റിന്റെ വളരെ വ്യക്തമായ കാഴ്ചപ്പാടിന്റെ ഭാഗമായിട്ടാണ് ഇവിടെ ഈ നയരേഖ അവതരിപ്പിക്കപ്പെട്ടതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന് മുൻകൈയെടുത്ത ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കെ. പി. മോഹനനെ ഒരിക്കൽകൂടി ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. 1992–ലാണ് കേരളത്തിൽ ആദ്യമായി കാർഷിക നയം അവതരിപ്പിക്കപ്പെട്ടത്. ഇന്ത്യാ ഗവൺമെന്റ് നാഷണൽ അഗ്രികൾച്ചറൽ പോളിസി ആദ്യമായി അവതരിപ്പിച്ചത് 2000–ലാണ്. പക്ഷെ, അതിനും എത്രയോകാലങ്ങൾക്കുമുമ്പ് യശഃശരീരനായ കെ. കരുണാകരൻ മുഖ്യമന്ത്രിയായുന്ന കാലത്താണ് കേരളത്തിൽ ആദ്യമായൊരു കാർഷിക നയത്തിന് രൂപം നൽകിയത്. ഒരുപക്ഷെ, അന്ന് അതിലൂടെ കൊണ്ടുവന്ന പല ആശയങ്ങളും പ്രാവർത്തികമല്ലെന്ന് പറഞ്ഞ് മാറ്റി നിറുത്തിയെങ്കിലും പിന്നീടുവന്ന സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിൽ, ആദരണീയനായ ധനകാര്യവകുപ്പുമന്ത്രി മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റിൽ കാർഷികമേഖലയ്ക്കും കൃഷിക്കാർക്കും പ്രാമുഖ്യം നൽകിയത് 1992–ൽ അവതരിപ്പിച്ച കാർഷിക നയത്തിന്റെ ചുവടുപിടിച്ചുകൊണ്ടാണ്. കേരളത്തിലെ കർഷകർക്ക് പെൻഷൻ നൽകുവാനും കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുവാനുള്ളമുള്ള ഒട്ടേറെ പ്രവർത്തനങ്ങൾക്ക് രൂപം

കൊടുക്കാനും കഴിഞ്ഞിട്ടുണ്ട്. 20 വർഷംകൊണ്ട് കേരളത്തിന്റെ കാർഷിക മേഖലയും സാമൂഹ്യ വ്യവസ്ഥയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കേരളത്തിന്റേതായ ജൈവസമ്പത്തുമൊക്കെത്തന്നെ കാലത്തിനനുസരിച്ച് മാറിയപ്പോൾ കേരളം കാർഷിക പ്രതിസന്ധിയെ നേരിടുന്ന ഒരുകാലഘട്ടത്തിലൂടെ വീണ്ടും കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. ഇതിന് വ്യക്തമായ രൂപരേഖ ഉണ്ടാക്കുകയെന്നുള്ള ഒരാശയത്തിന്റെ ഭാഗമായാണ് 2012-ലെ കാർഷിക നയത്തിന് രൂപം നൽകുവാൻവേണ്ടി കർഷകൻ കൂടിയായ മുൻ എം.എൽ.എ. കെ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചത്. 2013-ൽ കേരള നിയമസഭയിൽ അവതരിപ്പിച്ച ആ കരട് നയം ഇന്നിവിടെ ചർച്ച ചെയ്യുമ്പോൾ തീർച്ചയായും അതിൽ ഭാഗഭാക്കാകാൻ കഴിഞ്ഞതിൽ വളരെയേറെ സന്തോഷമുണ്ട്. ഏറെ അനുഭവങ്ങളുടെയും അതോടൊപ്പം കാഴ്ചപ്പാടുകളുടെയും മാറ്റത്തിന്റെയുമൊക്കെ ഭാഗമായുണ്ടായ ഒരു പുതിയ കാലഘട്ടത്തിൽ അതിന്റെ വെല്ലുവിളികളെ നേരിടുവാൻ ഈ കാർഷിക നയം പര്യാപ്തമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സർവ്വതലസ്പർശിയായ കാർഷിക മേഖലയിലെ പ്രശ്നങ്ങളെ വിലയിരുത്താൻ മാത്രമല്ല പുതിയ കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടാൻ ഈ കാർഷിക നയം പര്യാപ്തമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത്തരം നിർദ്ദേശങ്ങൾ നമ്മുടെ കാർഷിക മേഖലയ്ക്ക് ഉണർവും ഉത്തേജനവും നൽകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കൃഷിയെ ജീവനോപാധിയായാണ് ഒരു കാലഘട്ടത്തിൽ നാം കണ്ടിരുന്നതെങ്കിൽ അതിൽ നിന്നും വ്യത്യസ്തമായി ഒരു തൊഴിൽ എന്നുള്ള നിലയിലേയ്ക്ക് കൃഷിയെ മാറ്റാനുള്ള സാഹചര്യമാണ്

തത്വത്തിൽ കേരളത്തിൽ നിലവിലുള്ളത്. ഭൂമിശാസ്ത്രപരമായി മൊത്തം 38.86 ലക്ഷം ഹെക്ടർ ഭൂവിസ്തൃതിയുള്ള കേരളത്തിൽ 20.71 ഹെക്ടർ ഭൂമിയിൽ മാത്രമാണ് കൃഷി ചെയ്യുന്നത്. അതായത് മൊത്തം ഭൂമിയുടെ 53.3 ശതമാനം മാത്രം. 2009-10–ൽ അതിൽ നിന്നും 0.35 ശതമാനം കുറഞ്ഞുവെന്നുള്ളതാണ് സത്യം. പയർ വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ളവ കൃഷി ചെയ്യുന്നത് 12.05 ശത മാനം മാത്രമാണ്. ഇതുപോലും നിലനിർത്തുവാൻ കഴിയുന്നില്ലെന്നുള്ള താണ് മറ്റൊരു പ്രധാനപ്പെട്ട വസ്തുത. 1970-71–ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിൽ കൃഷിയുടെ പങ്ക് 49.4 ശതമാനമായിരുന്നുവെങ്കിൽ 2009-10–ൽ അത് 14 ശതമാനമായി കുറയുകയാണുണ്ടായത്.

മാത്രമല്ല, കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം അവരിൽ ഭൂരിപക്ഷം ആളുകളും ചെറുകിട നാമമാത്ര കർഷകരാണ്. 90.4 ശതമാന ത്തോളം കർഷകർക്കാണ് ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളത്. വൻകിട കൃഷിക്കാരാകട്ടെ, ഏതാണ്ട് 0.3 ശതമാനം മാത്രമാണുള്ളത്. ചുരുക്കത്തിൽ കേരളത്തിലെ കൃഷി ചെയ്യുന്ന ഇടങ്ങൾ, കാർഷിക ഇടങ്ങൾ കുറഞ്ഞു വരുന്ന ഒരു കാഴ്ചയാണ് ഇവിടെ കണ്ടുവരുന്നത്. അതോടൊപ്പം, പരിമിത പ്പെടുന്ന ഈ കൃഷിയിൽത്തന്നെ ഇന്ന് ഉപയോഗപ്രദമാകുന്ന ഭൂമി മറ്റ് ഇതര ആവശ്യങ്ങൾക്കുവേണ്ടി, കാർഷികേതര ആവശ്യങ്ങൾക്കുവേണ്ടി മാറ്റപ്പെ ടുന്ന പ്രക്രിയ കുറെക്കാലമായി കേരളത്തിൽ കാണുന്നുണ്ട്. നമുക്കറിയാം, നിയമസഭ പാസ്സാക്കിയ 2007-ലെ കേരള നെൽവയൽ–നീർത്തട സംരക്ഷണ നിയമം വന്നതിനുശേഷം പതിനയ്യായിരത്തോളം ഹെക്ടർ നീർത്തടങ്ങളും പാടങ്ങളുമാണ് പിന്നീട് പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളത്. പലപ്പോഴും നിയമ

ങ്ങൾ ഒരുഭാഗത്ത് നിൽക്കുമ്പോൾ അടിസ്ഥാനപരമായ കേരളത്തിലെ കാർഷിക മേഖലയോട് കാണിക്കുന്ന ചൂഷണവും ക്രൂരതയും തിരിച്ചറിയേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, കരട് നയം ബന്ധപ്പെടുത്തിക്കൊണ്ട് ബഹുമാന്യനായ എൻ. ജയരാജൻ, വളരെ ഗൗരവമേറിയ ചർച്ചയാണ് ഇവിടെ നടത്തിയത്. ഞാൻ ഒന്ന് ഓർമ്മിപ്പിക്കുന്നത്, കേരളത്തിലെ കൃഷിയും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയായിരുന്ന എം.എൻ. ഗോവിന്ദൻ നായർ ഈ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ ദൂരക്കാഴ്ചയോടുകൂടി കേരളത്തിന്റെ കാർഷിക ഭൂമി സംരക്ഷിക്കാൻ റസിഡൻഷ്യൽ ഏരിയ, അഗ്രിക്കൾച്ചർ ഏരിയ, ഇൻഡസ്ട്രിയൽ ഏരിയ എന്നിങ്ങനെ വേർതിരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് പറഞ്ഞ വിഷയം ഗൗരവപൂർവ്വം കാണേണ്ടതല്ലേ എന്ന് ഞാൻ ചോദിക്കുകയാണ്?

ഡോ. എൻ. ജയരാജ്: സർ, തീർച്ചയായും. നമ്മുടെ മുൻ ഭരണാധികാരികൾ വളരെയേറെ കാഴ്ചപ്പാടോടുകൂടി നടത്തിയിട്ടുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ അക്കാര്യത്തിൽ ഉണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്....പ്ലീസ് കൺക്ലൂഡ്.....

ഡോ. എൻ. ജയരാജ്: സർ, ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ നയരേഖയിലെ ഏറ്റവും പ്രാധാന്യമുള്ള ഒരു കാര്യം, വളരെ വ്യക്തമായ ചില ദർശനങ്ങൾ ഈ നയരേഖയിലുണ്ടെന്നുള്ളതാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ കൃഷിയുമായി ബന്ധപ്പെട്ട നയങ്ങൾ, കർഷകരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മണ്ണിനെ സംബന്ധിക്കുന്ന നയങ്ങൾ, കർഷകർക്ക് ആശ്വാസമേകുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ; ഒരുപക്ഷേ ഇൻഡ്യയിൽത്തന്നെ ആദ്യമായി കർഷകന് ലാഭ

വിഹിതം നൽകാനുള്ള ഒരു പദ്ധതിയെന്ന നിലയിൽ കൃഷിക്കാരൻ കൃഷി ചെയ്യുന്നതിന്റെ ഒരു ഭാഗം, അതിന്റെ ലാഭത്തിന്റെ ഭാഗം അവനാണെന്നുള്ള ആ ഇച്ഛാശക്തി കേരളത്തിലെ കർഷകരെ മുമ്പോട്ടുനയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഞാൻ അക്കാര്യത്തിൽ വളരെയധികം അഭിന ന്ദിക്കുകയാണ്. ആ നിയമം നടപ്പാക്കാൻ കഴിയുമ്പോൾ, പ്രത്യേകിച്ച് അടിസ്ഥാനപരമായി കാർഷിക വിളയ്ക്ക് വില കിട്ടുമെന്നുള്ള ഉറപ്പ് കർഷക നുണ്ടെങ്കിൽ തീർച്ചയായും ഒരു കാലഘട്ടത്തിൽ മണ്ണിനോട് മാറിനിൽക്കുന്ന കർഷകരും പുതിയ തലമുറയും ഈ രംഗത്തേയ്ക്ക് കടന്നുവരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് എനിക്ക് ബഹുമാന പ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ള ഒരു കാര്യം, വളരെ വ്യക്തമായ ഈ നയം നടപ്പാക്കുവാൻ, അടിയന്തരമായിത്തന്നെ ഇതിന് അംഗീകാരം നൽകി ക്കൊണ്ട് കേരളത്തിന്റെ കാർഷിക മേഖലയെ പഴയ സമൃദ്ധിയുടെ കാലഘട്ട ത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ, അതിന്റെ വസന്തത്തിലേയ്ക്ക് മടങ്ങി പ്പോകുവാൻ അങ്ങ് മുൻകയ്യെടുത്തുകൊണ്ട് അത് നടപ്പാക്കുവാനുള്ള നടപടി യെടുക്കണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, കാർഷിക വികസന നയം ചർച്ച ചെയ്യാനായി സൗകര്യമൊരുക്കിയ ഗവൺമെന്റും അത് അവതരിപ്പിച്ച ഡോ. എൻ. ജയരാജും ഇത് തയ്യാറാക്കിയ ശ്രീ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തി ലുള്ള കമ്മിറ്റിയും തീർച്ചയായും അഭിനന്ദനം അർഹിക്കുന്നുണ്ട്. ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായും നടപ്പാക്കണമെങ്കിൽ പല പുതിയ നിയമങ്ങളും കേരളത്തിൽ നിയമസഭ തന്നെ പാസ്സാക്കേണ്ടിവരും. ഇതിൽ പറഞ്ഞിരിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം, നമ്മുടെ കൃഷിഭൂമിയുടെ അളവ്

നഷ്ടപ്പെടാതിരിക്കാൻ കൃഷിഭൂമി കൃഷിക്ക് മാത്രം ഉപയോഗിക്കണമെന്നുള്ള താണ്. കൃഷിഭൂമി കൃഷിക്ക് മാത്രം ഉപയോഗിക്കാനുള്ള ഒരു സംവിധാനത്തി ലേയ്ക്ക് എത്തിച്ചേരണമെങ്കിൽ കൃഷിക്കാരന് കൃഷിയോട് ആഭിമുഖ്യമുണ്ടാ കണം. രണ്ടാമതായി, ആ ഭൂമി കൃഷിക്കുവേണ്ടി ഉപയോഗിക്കാൻ കഴിയാ വുന്ന അത് ഇന്നത്തെ നിലയിൽ മാഫിയകൾ കയ്യടക്കാവുന്നതോ അല്ലെങ്കിൽ മറ്റ് സ്വാർത്ഥതാൽപ്പര്യക്കാർക്ക് ഉപയോഗിക്കാൻ കഴിയുന്ന സംവിധാനങ്ങളെ ചെറുക്കേണ്ടതുണ്ട്. അതിന് മിക്കവാറും പുതിയ നിയമങ്ങളുണ്ടാകും. മൂന്നാ മതായി ഇവിടെ പറഞ്ഞത്, കൃഷിക്കാരന് ഒരു അവകാശലാഭം ഉണ്ടാകണമെ ന്നതാണ്. ഒരു ഉൽപ്പന്നത്തെ ഉൽപ്പാദിപ്പിക്കുന്ന കർഷകന് അതിന്റെ പ്രാഥ മിക വില കിട്ടുന്നതൊഴിച്ചാൽ അത് കഴിഞ്ഞുപോകുന്ന അതിന്റെ സെക്കന്റോ തേഡോ ഫോർത്തോ ആകുന്ന ഹൈ എന്റ്–ലെ ആ ഉൽപ്പന്നവുമായി ബന്ധ പ്പെട്ട് കൃഷിക്കാരന് ഇന്ന് യാതൊരു അവകാശവും ഇല്ല. നെല്ല് വിൽക്കുന്ന കർഷകന് നെല്ല് വിറ്റുകഴിഞ്ഞാൽ പിന്നെ അതിന്റെ ഏത് ഉൽപ്പന്നത്തിലും ഒരു അവകാശമില്ല. ഇപ്പോൾ ഗുജറാത്തിലെ 'ആനന്ദ് മോഡൽ' എന്നുപറയു ന്നത് പാലിന്റെ കാര്യത്തിൽ, പാൽ കൊടുക്കുന്ന കർഷകന് അതിന്റെ ഹൈ എന്റ്–ലെ ഉൽപ്പന്നത്തിന്റെ വിലയിൽ ഒരു അവകാശമുണ്ട് എന്നതാണ്. ആ അവകാശം സ്ഥാപിച്ചുകിട്ടിയാൽ തീർച്ചയായും കൃഷി നിലനിന്നേ പറ്റൂ. കൃഷിക്കാരൻ സ്വാഭാവികമായും ആവേശത്തോടെ കൃഷി ചെയ്യും. ഒരു പ്രാഥമിക ഉൽപ്പന്നത്തിന്റെ അവകാശി മാത്രമല്ല കർഷകൻ. ആ ഉൽപ്പന്ന ത്തിന്റെ ഹൈ എന്റ്–ലെ വില അത് ഒരുപക്ഷേ പ്രാഥമിക ഉൽപ്പന്നത്തിന്റെ വിലയുടെ നൂറ് ഇരട്ടിയായിരിക്കും. ആ വിലയിൽ ഒരു പങ്ക് ഈ കർഷകന് അവകാശപ്പെട്ടതാണെന്നും അതിൽ ഒരു സെസ് ഏർപ്പെടുത്തുകയും അത്

ഈ കർഷക രക്ഷയിലേയ്ക്ക്, കർഷക ലാഭത്തിലേയ്ക്ക് എത്തിച്ചേരുകയും ചെയ്താൽ, അതിൽ ഒരു നിയമം കേരളത്തിലുണ്ടാക്കിയാൽ കേരളത്തിൽ കൃഷിഭൂമി നഷ്ടപ്പെടുകയില്ലെന്ന് മാത്രമല്ല, കൃഷിക്കാരൻ ഇതിൽ നിന്നും മാറുകയുമില്ല. പക്ഷേ അതിന് നിയമം വേണ്ടിവരും. ആ നിയമമുണ്ടാക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കണം. നാലാമതായി, കർഷകനും വിളയും വിലയും സംരക്ഷിക്കപ്പെടണം. കർഷകൻ സംരക്ഷിക്കപ്പെടുന്നതും വിള സംരക്ഷിക്കപ്പെടുന്നതും.... ഇപ്പോൾ പല പല രക്ഷയുണ്ട്, അതായത് ഇൻഷുറൻസുണ്ട്. പക്ഷേ കർഷക രക്ഷയും വിളയുടെ രക്ഷയും വിലയുടെ രക്ഷയുമുണ്ടാകണം. നെല്ലിന്റെ വിലയെന്താണെന്ന് നെല്ല് വിതയ്ക്കുമ്പോഴേ കർഷകന് ഒരു രക്ഷയുണ്ടാകണം, വിളയുടെ രക്ഷയുണ്ടാകണം. അത് പ്രകൃതി ദുരന്തത്താലോ വെള്ളമില്ലാത്തതുകൊണ്ടോ നഷ്ടപ്പെട്ടാലും കർഷകന് നഷ്ടമുണ്ടാകരുത്. അഞ്ചാമതായി, കർഷകന് ആപത്തുവന്നാൽ, രോഗം വന്നാൽ അതിൽക്കൂടെ രക്ഷയുണ്ടായാൽ........ അതുകൊണ്ടാണ് കർഷകരക്ഷയുണ്ടാകണം, വിളരക്ഷയുണ്ടാകണം, വിലരക്ഷയുണ്ടാകണം. ഈ മൂന്ന് രക്ഷയുമുണ്ടായാൽ, ഇതിൽ അത് പറഞ്ഞിട്ടുണ്ട്, ആ മൂന്ന് രക്ഷയും ഉറപ്പാക്കണം. ആറാമതായി, ഞാൻ എപ്പോഴും ചൈനയെക്കുറിച്ച് പറയുകയല്ല, ശ്രീ. കെ.സി. ജോസഫ് ഉൾപ്പെടെയുള്ള എല്ലാവരും ചൈനയിൽ പോയിട്ടുണ്ട്. ചൈനയിൽ ഒരു നിയമമുണ്ട്, ഓരോ വർഷവും കർഷകന്റെ വരുമാനം 12 ശതമാനം എത്ര നഷ്ടം വന്നാലും സംരക്ഷിക്കപ്പെടും, വർദ്ധിക്കും. ഉദ്യോഗസ്ഥന് 10 ശതമാനമാണ് രക്ഷയെങ്കിൽ കർഷകന് 12 ശതമാനം വർദ്ധനവുണ്ടാക്കിക്കൊടുക്കുന്ന ഒരു നിയമം ഇവിടെയുമുണ്ടായാൽ...... ഇതെല്ലാംകൂടി ചേർത്ത്.... നെല്ലിന്റെ കാര്യത്തിൽ മാത്രമല്ല,

തെങ്ങിന്റെ കാര്യത്തിലും പല രാജ്യങ്ങളിലുമുണ്ട്. അമേരിക്കയിൽ അഞ്ച് വർഷം കൂടുമ്പോൾ ഒരു കാർഷിക ബഡ്ജറ്റ് പ്രത്യേകമായി അവതരിപ്പിക്കും. കർഷകന് അഞ്ച് വർഷത്തിനിടയിൽ നഷ്ടപ്പെട്ടതെല്ലാം ആ ബഡ്ജറ്റിലൂടെ തിരുത്തപ്പെടും, ആ കുറവുകൾ പരിഹരിക്കപ്പെടും. അങ്ങനെ 12 ശതമാനം വർദ്ധനവുണ്ടാകുമെന്നും കർഷകരക്ഷയുണ്ടാകുമെന്നും കർഷകന് ലാഭവിഹിതമുണ്ടാകുമെന്നും പ്രാഥമിക ഉൽപ്പന്നത്തിൽ മാത്രമല്ല ഹൈ എന്റ്-ലെ ഉൽപ്പാദനത്തിലും കർഷകന് ഒരു പങ്കുണ്ടെന്ന് സ്ഥാപിക്കാനും കഴിഞ്ഞാൽ ഈ നയത്തിലെ എല്ലാ കാര്യങ്ങളും മിക്കവാറും അഡ്രസ്സ് ചെയ്യപ്പെടും. അതിനുവേണ്ടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ: സർ, സംസ്ഥാന സർക്കാരിന്റെ കാർഷിക വികസന നയം ഏതാണ്ട് സമഗ്രമാണെന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. വർത്തമാന കാലത്ത് കേരള കാർഷിക മേഖലയുടെ വളർച്ചയും അതിനാവശ്യമായ, നമ്മൾ ലക്ഷ്യമിട്ടിരിക്കുന്നതും ആഗ്രഹിച്ചതും, അനിവാര്യമായതുമായ മിക്ക കാര്യങ്ങളും ഈ കരട് കാർഷിക നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നുള്ളതാണ് പ്രത്യേകം അഭിനന്ദനാർഹമായ കാര്യം. 22 വർഷങ്ങൾക്കുശേഷം, 1992-ൽ ഒരു കാർഷിക നയമുണ്ടായതിനുശേഷം ഒരു പുതിയ കാർഷിക നയം ഇന്നത്തെ കാലഘട്ടത്തിന് അനുസൃതമായി കാലഘട്ടത്തിന് ചേരുന്ന രീതിയിൽ ഇവിടെ കൊണ്ടുവന്ന മന്ത്രി ശ്രീ. കെ. പി. മോഹനനെ പ്രത്യേകമായി ഞാൻ അഭിനന്ദിക്കുകയാണ്. ഇവയൊക്കെ നടപ്പിലാക്കാനുള്ള ക്രിയാത്മകമായ നടപടികളാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. അതിനുള്ള ഇച്ഛാശക്തിയുള്ള ഒരു സർക്കാർ ഇവിടെയുള്ളതുകൊണ്ട് നമുക്ക്

ശുഭപ്രതീക്ഷയുണ്ട്. ഇത് നടപ്പിലാക്കണമെങ്കിൽ ഇതിൽ പലതിലും നമുക്ക് നിയമപരമായ പരിരക്ഷ കൂടി നൽകേണ്ടതായിട്ടുണ്ട് എന്ന് ഞാൻ ഓർമ്മിപ്പി ക്കുകയാണ്. ഈ കരട് നയം 2013-ൽ ഉണ്ടായതാണ്. എത്രയും വേഗം അത് നടപ്പിലാക്കുവാൻ വേണ്ടിയുള്ള നടപടിയിലേയ്ക്കാണ് ഇനി കടക്കേണ്ട തായിട്ടുള്ളത്. കൃഷിഭൂമി കൈമാറ്റം ചെയ്യുന്നത് കൃഷി ചെയ്യുന്ന കർഷകന് മാത്രമായിരിക്കണമെന്നാണ് അതിലെ ഏറ്റവും ആദ്യത്തെ ഒരു വ്യവസ്ഥ യായി ഈ നയത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അത് ഏറ്റവും നല്ല കാര്യമാണ്. ഇന്ന് ലോകത്ത് പല രാജ്യങ്ങളിലും കൃഷിഭൂമി കൃഷി ചെയ്യുന്ന കർഷകന് മാത്രമേ കൈമാറ്റം ചെയ്യാവൂ എന്നുള്ള നിയമം നിലവിലുണ്ട്. അത് ഇവിടെ നടപ്പിലാക്കേണ്ടത് വളരെ സ്വാഗതാർഹമായ നിർദ്ദേശമാണ്. അതാണ് ആദ്യമായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഞാൻ അതിനെ 100 ശത മാനം അംഗീകരിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഇതിന് അനുസൃതമായ ഒരു നിയമം ഇവിടെ വേണം.

ശ്രീ. ജോസഫ് വാഴക്കൻ: സർ, നിയമപരമായ പരിരക്ഷ ഇതിന്റെ പല കാര്യങ്ങൾക്കും വേണമെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. ജലസംരക്ഷണം, മണ്ണുസംരക്ഷണം, ജൈവകൃഷി പ്രോത്സാഹനം, കാർഷിക വായ്പകൾ, കർഷകത്തൊഴിലാളി പെൻഷനുകൾ, കാർഷികവിള വ്യാപനം, വിപണനം, യന്ത്രവൽക്കരണം, ഇൻകം ഗ്യാരന്റി ആക്ട്, പച്ചക്കറി, കിഴങ്ങുവർഗങ്ങൾ, മൃഗസംരക്ഷണം, ക്ഷീരവികസനം, കോഴിവളർത്തൽ, കാലാവസ്ഥാ വ്യതിയാനം, ഹൈടെക് കൃഷി, കാർഷിക സർവ്വകലാശാലയെ ശക്തിപ്പെടു

ത്തൽ ഉൾപ്പെടെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ഈ നയത്തിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് സമഗ്രമായ ഒരു നയമാണെന്ന് ഇതിനെക്കുറിച്ച് നമുക്ക് പറയാനാകും. എന്നാൽ കാലഘട്ടത്തിനനുസൃതമായ കുറേ മാറ്റങ്ങൾ കൃഷിക്ക് വരുത്തേണ്ടതായിട്ടുണ്ട്. പഴയകാലത്തെ നമ്മുടെ പാരമ്പര്യവും പഴയ തോടുകളും വയലുകളുമൊക്കെ നമുക്ക് അനുസ്മരിക്കാം. നല്ല കാര്യമാണ്. പക്ഷേ അതിനെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നിട്ട് കാര്യമില്ല. കൃഷി ലാഭകരമായി കൊണ്ടുപോകാൻ കഴിയുമെന്ന് കർഷകന് ബോധ്യപ്പെട്ടാൽ മാത്രമേ നമുക്ക് കൃഷി വ്യാപിപ്പിക്കാനും നിലനിർത്താനും കഴിയുകയുള്ളൂ. അതിനാവശ്യമായ നടപടിക്രമങ്ങളാണ് വേണ്ടത്. ഇന്ന് ലോകത്ത് കൃഷി ലാഭകരമായി നടക്കുന്നത്, കൃഷി വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്ന രാജ്യങ്ങളിലാണ്. അവരാണ് കൂടുതൽ ധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുകയും കയറ്റി അയയ്ക്കുകയുമൊക്കെ ചെയ്യുന്നത്. ഇവിടെ കൃഷിയെന്ന് പറയുന്നത് നാമമാത്ര കർഷകന് ഉപജീവനത്തിന്റെ മാർഗമാണ്. അതിനെ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുകയെന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. ലോകത്ത് കാർഷിക മേഖലയിൽ വൻമുന്നേറ്റം നടത്തുന്ന രാജ്യങ്ങൾ പലതും കൃഷിയെ വ്യവസായമാക്കി മാറ്റിയവരാണ്. ഉൽപ്പാദനത്തിനും പ്രോസസിംഗിനും മാർക്കറ്റിംഗിനും അതുപോലെ കർഷകർക്ക് ഇൻസെന്റീവ്, സബ്സിഡി എന്നിവയെല്ലാം അവർ വ്യവസായ അടിസ്ഥാനത്തിൽ കാർഷിക മേഖലയിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. മിക്ക രാജ്യങ്ങളിലും അങ്ങനെയാണ് അവർ ലാഭകരമാക്കി ഇന്ന് ധാന്യങ്ങൾ മറ്റ് രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നത്. ആ രീതിയിൽ നമുക്കും ചില കാര്യങ്ങൾ ചെയ്യാൻ കഴിയും. കേരളത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ തരിശ്ശായി കിടക്കുന്ന നൂറുകണക്കിന് ഏക്കർ ഭൂമിയുണ്ട്. അവിടെ കുടുംബ

ശ്രീക്കാർക്ക് കൃഷി നടത്താൻ ചില അനുമതിയൊക്കെ കൊടുത്തിട്ടുണ്ടെങ്കിലും വ്യാപകമായി അത് ഏറ്റെടുത്ത് കൃഷി ചെയ്യാനുള്ള ഒരു നടപടിക്രമങ്ങൾക്കും നമ്മൾ ഇതുവരെ രൂപം കൊടുത്തിട്ടില്ല. എനിക്ക് തോന്നുന്നത് ഫാർമർ പ്രൊഡ്യൂസർ സൊസൈറ്റികളുണ്ടാക്കി തരിശ്ശുഭൂമികൾ അവർക്ക് വിട്ടുകൊടുത്തുകൊണ്ട് വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി നടത്താനുള്ള ഒരു അനുമതി നൽകിയാൽ തീർച്ചയായും നമുക്ക് കാർഷിക രംഗത്ത് വലിയൊരു മുന്നേറ്റമുണ്ടാക്കാൻ കഴിയും. അതിന് നിലവിലുള്ള ലാന്റ് റിഫോംസ് ആക്ടിൽ ചില മാറ്റങ്ങൾ വരുത്തേണ്ടിവരും. പക്ഷേ ആ രീതിയിൽ പരിശോധിച്ചാൽ, നെൽക്കൃഷി മാത്രമല്ല, പൈനാപ്പിളാണെങ്കിലും മറ്റേത് കൃഷിയാണെങ്കിലും വിവിധതരം കൃഷികൾ നമുക്ക് കൃഷി ചെയ്യാൻ കഴിയും. ആ രീതിയിൽ കാർഷിക രംഗത്തൊരു വലിയ ഉത്തേജനമുണ്ടാക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ഭക്ഷ്യോത്പന്നങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ച് നമ്മുടെ സംസ്ഥാനത്ത് ഒരുപാട് ചർച്ചകൾ നടക്കുന്നുണ്ട്. പല സാധനങ്ങളും പഴവർഗ്ഗങ്ങളും പച്ചക്കറികളും മുഴുവൻ വിഷമാണെന്നുള്ള ഒരു വലിയ പ്രചരണം നടക്കുന്നുണ്ട്. അതൊരു ഭയാനകമായ സത്യമാണെങ്കിലും അത് ഒരുപരിധിവരെ ഗുണപരമായ മാറ്റത്തിനുകൂടി വഴിവയ്ക്കുന്നുവെന്നാണ് എന്റെ വിശ്വാസം. കാരണം, ആളുകൾക്ക് സ്വന്തമായി പച്ചക്കറി ഉൽപ്പാദിപ്പിക്കണം, വിഷമില്ലാത്ത ആഹാരം കഴിക്കണമെന്ന ചിന്ത വ്യാപകമായി ജനങ്ങളുടെയിടയിൽ അവബോധം സൃഷ്ടിക്കുന്ന തരത്തിൽ വന്നിട്ടുണ്ട്. അതുകൊണ്ട് പച്ചക്കറി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സ്വയംപര്യാപ്തത നേടുവാനുള്ള താൽപ്പര്യം ജനങ്ങളിൽ ഉണ്ടായിരിക്കുന്നതുകൊണ്ട് അതിന് പരമാവധി പ്രോത്സാഹനം കൊടുക്കാൻ കഴിഞ്ഞാൽ നമുക്ക് വലിയൊരു നേട്ടം സംസ്ഥാനത്തുണ്ടാക്കാം. അങ്ങനെ വളരെ കുറഞ്ഞ

നാളുകൾക്കുള്ളിൽ പച്ചക്കറിമിച്ച സംസ്ഥാനമാക്കി മാറ്റാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. തോട്ടം മേഖലയെക്കുറിച്ച് എപ്പോഴും തെറ്റിദ്ധാരണാജനകമായ കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. നല്ല രീതിയിൽ തോട്ടം സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന ആളുകൾ, അത് പ്രൈവറ്റ് മേഖലയിലാണെങ്കിലും അവരെ പ്രോത്സാഹിപ്പിക്കേണ്ടതായിട്ടുണ്ട്. ആരെങ്കിലും നല്ല രീതിയിൽ കൃഷി നടത്തുന്നു, അത് പാട്ടത്തിന് കൊടുത്തിട്ടുള്ളതാണെങ്കിൽ എങ്ങനെയെങ്കിലും അത് പിടിച്ചെടുക്കണമെന്നുള്ള ഒരൊറ്റ ചിന്ത മാത്രമാണ് നമ്മുടെ മനസ്സിലുള്ളത്. അതല്ലാതെ, നല്ല രീതിയിൽ നടക്കുന്ന ഒരു തോട്ടമാണ്, അത് നടന്നുപോകട്ടെ, ആയിരക്കണക്കിന് ആളുകൾക്ക് ജോലി കിട്ടുന്ന കാര്യമാണ്. അതിലൂടെ കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾക്ക് ഒരുപാട് നികുതി കിട്ടുന്നതാണ്. വളരെ നല്ല രിതിയിൽ കൃഷി നടന്നാൽ നമ്മുടെ രാജ്യത്തുനിന്ന് ഒരുപാട് എക്സ്പോർട്ട് നടക്കും. അത്തരം കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം എങ്ങനെയെങ്കിലും വേല വയ്ക്കുക, അത് തിരിച്ച് പിടിക്കുക, അവസാനം കൃഷിയില്ലാതാക്കുക, കുറേ ഉദ്യോഗസ്ഥൻമാരെ ഏൽപ്പിക്കുക എന്നിങ്ങനെയുള്ള രീതിയിലാണ് നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ തോട്ടം മേഖലയെ കാണുന്നത്. അത് ശരിയല്ലായെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഗോൾഡൻ ലീഫ് എന്നുപറഞ്ഞുകൊണ്ട്..... അന്തർദേശീയ അവാർഡ് കിട്ടിയ അട്ടപ്പാടിയിലെ തോട്ടമൊക്കെ പിടിച്ചെടുത്ത് ഇന്ന് ഫോറസ്റ്റുകാരെ ഏൽപ്പിച്ചിരിക്കുകയാണ്. അവിടെയൊക്കെ എന്തെങ്കിലും കൃഷി നടക്കുന്നുണ്ടോ? അതിനെക്കുറിച്ച് അന്വേഷിക്കണം. നമ്മുടെ രാജ്യം പൊതുമേഖലയും സ്വകാര്യ മേഖലയും ഒരുപോലെ പ്രവർത്തിക്കാൻ അനുമതിയുള്ള രാജ്യമാണ്. അതല്ലാതെ കമ്യൂണിസ്റ്റ് രാജ്യം........ ഒരിക്കൽ

കായൽ പിടിച്ചെടുത്തു. അത് തുണ്ടുതുണ്ടായി മുറിച്ച് കൊടുത്തു. അവിടെ ആളുകൾക്ക് താമസിക്കാനാവില്ല. അവിടെ കൃഷിയും നടക്കുന്നില്ല. അപ്പോൾ അത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യബോധത്തോടു കൂടിയുള്ള ഒരു കാർഷികനയം നമുക്കുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തൊഴിലാളികൾക്കൊക്കെ ലേബർ വെൽഫെയർ ബോർഡുള്ളതുപോലെ കർഷകർക്കുവേണ്ടി ഒരു വെൽഫെയർ ബോർഡ് രൂപീകരിക്കുന്നതിനെക്കുറിച്ചും ഈ നയത്തിൽ ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാർഷിക വരുമാനംകൊണ്ടുമാത്രം ജീവിക്കുന്ന കർഷകന്റെ എല്ലാ കടങ്ങളും കാർഷിക കടങ്ങളാക്കി മാറ്റണം. അവർക്ക് വേറെ യാതൊരു വരുമാനവുമില്ല. ഉദ്യോഗസ്ഥർക്കാണെങ്കിൽ വരുമാനമുണ്ട്, ഓരോ കാര്യങ്ങൾക്കും പ്രൊട്ടക്ഷനുണ്ട്, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റുണ്ട്, യാത്രാബത്തയുണ്ട്, അങ്ങനെ എല്ലാ കാര്യങ്ങൾക്കു മുണ്ട്. കർഷകർക്ക് ജീവിക്കാൻ ഈയൊരു വരുമാനം മാത്രമേയുള്ളൂ. അതു കൊണ്ട് അവരുടെ എല്ലാ കടങ്ങളും കാർഷിക കടങ്ങളാക്കി മാറ്റണമെന്നുള്ള നിർദ്ദേശമാണ് വയ്ക്കാനുള്ളത്. കാർഷിക രംഗത്ത് കർഷകർക്ക് ഉറച്ചു നിൽക്കാൻ, പുതിയ ആളുകൾ കടന്നുവരാൻവേണ്ടി മിനിമം ഒരു ക്ലാസ് ഫോർ ജീവനക്കാരന് കിട്ടുന്ന വരുമാനമെങ്കിലും ഉറപ്പുവരുത്താൻ നമുക്ക് കഴിയണം. അതെങ്കിലും ഉറപ്പ് വരുത്താൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ എങ്ങനെ യാണ് കാർഷിക രംഗത്ത് നിൽക്കാൻ കഴിയുന്നത്? അതുകൊണ്ട് ആ തരത്തി ലുള്ള ചിന്ത നമ്മുടെ മനസ്സിലേയ്ക്ക് കടന്നുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ജൈവക്കൃഷിയിലേയ്ക്ക് മാറുന്ന കർഷകന്, പെട്ടെന്ന് മാറ്റമുണ്ടാകുമ്പോൾ ഒരുപാട് നഷ്ടമുണ്ടാകും, അധിക ചെലവു ണ്ടാകും. ആ ചെലവ് സർക്കാർ വഹിച്ചാൽ മാത്രമേ ജൈവക്കൃഷിയിൽ

അവരെ ഉറപ്പിച്ചുനിർത്താൻ കഴിയൂ. ജൈവക്കൃഷിയിലേയ്ക്ക് മാറ്റം വരുത്തണമെങ്കിൽ ആ രീതിയിലുള്ള ഒരു വ്യതിയാനം ഗവൺമെന്റിന്റെ പോളിസിയിലും ഉണ്ടാകേണ്ടതായിട്ടുണ്ട്. റബ്ബർ കൃഷിയെ ഇപ്പോൾ കൃഷിയായിട്ടല്ല വ്യവസായമായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. റബ്ബറിന്റെ ആക്ടിലും അതൊരു വ്യവസായമായിട്ടാണ് വന്നിരിക്കുന്നത്. അത് പതിറ്റാണ്ടുകൾക്ക് മുമ്പുള്ള ഒരു ആക്ടാണ്. അത് വലിയൊരു പ്രശ്നം ഇപ്പോൾ സൃഷ്ടിച്ചിരിക്കുകയാണ്. റബ്ബറിനെ വ്യാവസായിക ഉൽപ്പന്നമായി കണക്കാക്കുന്നതുകൊണ്ട് Sarfaesi Act അനുസരിച്ച് ബാങ്കുകൾക്ക് കോടതികളുടെ അനുമതിയില്ലാതെ റബ്ബർത്തോട്ടങ്ങളെ ഈടുവച്ചിരിക്കുന്ന സ്ഥലങ്ങളിൽ റബ്ബർ കൃഷിക്കുവേണ്ടി വായ്പയെടുത്തിരിക്കുന്ന ആളുകളുടെ തോട്ടങ്ങളെ ഏറ്റെടുക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ട്. അതിനെതിരായി കേരളത്തിൽ കേസ്സുണ്ടായി. ആ കേസ് കർഷകർക്കെതിരായിട്ടാണ് സിംഗിൾ ബഞ്ച് വിധിച്ചത്. പക്ഷേ ഡിവിഷൻ ബഞ്ച് കർഷകർക്ക് അനുകൂലമായി വിധിച്ചു. അതിനെതിരെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയാണ് ഇപ്പോൾ സുപ്രീം കോടതിയിൽ പോയിരിക്കുന്നത്. എന്തായാലും സംസ്ഥാന ഗവൺമെന്റ് അതിനകത്ത് കക്ഷി ചേർന്നിട്ടുണ്ട്. പക്ഷേ അനന്തമായി കേസ് നീണ്ടുപോകുകയാണ്. ഇന്ന് റബ്ബർ കർഷകൻ ഒരു ലോണെടുത്താൽ കോടതിയുടെ ഉത്തരവില്ലാതെതന്നെ ബാങ്കുകൾക്ക് നേരിട്ട് Sarfaesi Act അനുസരിച്ച് ഏറ്റെടുക്കാൻ കഴിയുന്ന സാഹചര്യമുണ്ട്. മാത്രമല്ല, അഗ്രിക്കൾച്ചർ ഇൻകം എന്നുള്ള പ്രൊട്ടക്ഷൻ കിട്ടിയില്ലായെങ്കിൽ റബ്ബർ കർഷകന്റെ ഉൽപ്പന്നങ്ങൾക്ക് ഇൻകം ടാക്സുകൂടി കൊടുക്കേണ്ട ഒരു സാഹചര്യമുണ്ടാകും. അതുകൊണ്ട് ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി അക്കാര്യം കാണണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഈ കാർഷികനയത്തിന്റെ ഭാഗമാക്കി അതുകൂടി കൊണ്ടുവരാൻ ശ്രമിക്കണം. ഇ.എഫ്.എൽ. നിയമം കാടത്തമാണ്, ആ നിയമത്തിന് യാതൊരു ന്യായീകരിണവുമില്ലാത്തതാണെന്ന് നമ്മുടെ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളതാണ്. അത് നടപ്പിലാക്കണം. കാരണം, ഇ.എഫ്.എൽ. എങ്ങനെ നിശ്ചയിക്കുന്നുവെന്നതിനെക്കുറിച്ച് കൃത്യമായ പാരാമീറ്റേഴ്സ് ഇല്ല. ഇന്ന് ഇപ്പോൾ ഒരു ഫോറസ്റ്റ് ഉദ്യോഗസ്ഥൻ പറഞ്ഞാൽ മതി. അതുവഴി ഒരു ഓന്ത് പോകുന്നത് കണ്ടു, ആ ഓന്തിന്റെ നിറം വെള്ളയായിരുന്നു, അത് അന്റാർട്ടിക്കയിൽ മാത്രമുള്ള സാധനമാണെന്ന് പറഞ്ഞാൽ ആ സെക്കന്റിൽ എഴുതിക്കൊടുത്താൽ ഇ.എഫ്.എൽ. ആയി. അങ്ങനെ ഒരു തരത്തിലും യോജിക്കാൻ കഴിയാത്ത അശാസ്ത്രീയമായ ഒരു നിയമമാണ്. ആ നിയമം പിൻവലിക്കേണ്ടതാണ്. അത് നടപ്പിലാക്കണമെന്ന് നേരത്തെ തീരുമാനിച്ചതാണ്. കാർഷികവൃത്തിയെക്കുറിച്ച് കുട്ടികളിൽ അവബോധമുണ്ടാക്കാൻ ഒന്നാം ക്ലാസ് മുതൽതന്നെ കൃഷിയെക്കുറിച്ച് ആഭിമുഖ്യമുണ്ടാക്കുന്ന തരത്തിലുള്ള സിലബസ്സുകൾ അതിനകത്ത് ഉൾപ്പെടുത്തേണ്ടതാണ്. കാർഷിക ക്രോപ് കലണ്ടറുണ്ടാക്കണം. കൃഷി വകുപ്പിന്റെ കൃത്യമായ ഇടപെടലുകൾക്കും മാർക്കറ്റിംഗ് സ്ട്രാറ്റജിക്കുംവേണ്ടി കാർഷിക ക്രോപ് കലണ്ടറുണ്ടെങ്കിൽ എത്ര പേർക്ക് വാഴക്കൃഷിയുണ്ട്, എത്ര പേർക്ക് പൈനാപ്പിൾ കൃഷിയുണ്ട്, എത്ര പേർക്ക് കപ്പ കൃഷിയുണ്ട് എന്നൊക്കെയുള്ള കൃത്യമായ കണക്ക് ബോധ്യമുണ്ടെങ്കിൽ ഗവൺമെന്റിന് ഇടപെടാൻ കഴിയും. അതിലൂടെ മാർക്കറ്റിംഗിന്റെ സ്ട്രാറ്റജി ഉപയോഗിക്കാൻ കഴിയും. 1992–നുശേഷം, 22 വർഷങ്ങൾക്കുംശേഷം നമ്മളൊരു നയം കൊണ്ടുവന്നിരിക്കുന്നു. കർഷകരെയാണ് നമ്മൾ ഏറ്റവും ആദ്യം പരിഗണിക്കേണ്ടത്. അവരുടെ വിഷയങ്ങളെ സംബന്ധിച്ച് കുറേക്കൂടി

സമഗ്രമായ ചർച്ചകൾ നടത്തണം. കേരളത്തിലെ അറിയപ്പെടുന്ന ആളുകളാണ് ഇതിന്റെ കമ്മിറ്റിയിലുണ്ടായിരുന്നത്. അവരുടെ സേവനങ്ങളെ നമ്മൾ വിലമതിക്കുന്നു. പക്ഷേ കുറേ കാര്യങ്ങൾകൂടി ചേർക്കേണ്ടതായിട്ടുണ്ട്. ഇതിന് നിയമപരമായ ഒരു പ്രൊട്ടക്ഷൻ കിട്ടണം. അതുകൊണ്ട് ഇത് നിയമമാക്കി മാറ്റണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഏതായാലും ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി ജമീലാ പ്രകാശം: സർ, നമ്മുടെ നാട്ടിലെ സർവ്വജനങ്ങൾക്കും ഗുണകരമായ 331 നിർദ്ദേശങ്ങളടങ്ങുന്ന ഈ കാർഷിക വികസന നയത്തിന്റെ കരട് റിപ്പോർട്ട് സമർപ്പിച്ച ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും സമഗ്രമായ ഒരു ചർച്ചയ്ക്ക് ഇവിടെ വഴിയൊരുക്കിയ ഡോ.എൻ. ജയരാജിനും സർക്കാരിനും ഞാൻ നന്ദി പറയുന്നു. കേരളത്തിലെ കർഷക സമൂഹത്തെ സംബന്ധിച്ചിടത്തോളം അവരുടെ അവകാശ പ്രഖ്യാപനങ്ങളുടെ മാഗ്നാകാർട്ടയാണ് ഇതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതായത് the great charter of farmers rights ആണ് ഈ കരട് വികസന നയം. ഇതിലെ ചില മാസ്റ്റർ സ്ട്രോക്കുകളെക്കുറിച്ച് ഒരുപാട് ഇവിടെ പറഞ്ഞുകഴിഞ്ഞു. പക്ഷേ, മനസ്സിൽ തട്ടുന്ന രണ്ടു കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നു. ഒന്ന്, അന്യസംസ്ഥാന തൊഴിലാളികൾക്കും ഇതിനകത്ത് ഒരു പ്രൊഡക്ഷൻ ഇൻസെന്റീവിനെക്കുറിച്ചും രണ്ടാമതായി കർമ്മപദ്ധതികളിലെ സ്ത്രീപങ്കാളിത്തത്തെക്കുറിച്ചും സ്ത്രീ ശാക്തീകരണത്തെക്കുറിച്ചും പറയുന്നുണ്ട്.

നെൽവയൽ–നീർത്തട സംരക്ഷണ നിയമം ഏതു വിധേനയും പ്രാവർത്തിക മാക്കണം. ഫാർമേഴ്സ് ഇൻകം ഗ്യാരന്റി ആക്ട് പാസ്സാക്കണം. സ്റ്റേറ്റ് ആന്റ് റീജിയണൽ പ്രൊഡക്ഷൻ പ്ലാൻ (ഉല്പാദന ആസൂത്രണരേഖ) നമ്മൾ ആവി ഷ്ക്കരിക്കണം. പ്രൈസ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കണം. അവകാ ശലാഭം എന്നതിനെ നമ്മൾ അംഗീകരിക്കുകയും അത് എത്രവരെ ആകാ മെന്ന് തീർച്ചപ്പെടുത്തുകയും വേണം. കൃഷിക്കായിട്ട് ഒരു പ്രത്യേക ബഡ്ജറ്റ് തന്നെ അവതരിപ്പിക്കണം. ഇതൊക്കെ വലിയ കാര്യങ്ങളാണ് പറയുന്നത്. ഇതെല്ലാം നടക്കേണ്ട കാര്യങ്ങളുമാണ്. പക്ഷേ, ഇവയൊക്കെ നടപ്പിലാക്കാൻ നമ്മുടെ ഗവൺമെന്റ് എന്തെല്ലാം നടപടികൾ കൈകൊള്ളും; എപ്പോൾ കൈകൊള്ളും; ആർക്കൊക്കെയായിരിക്കും ആസൂത്രിതമായിട്ടുള്ള നടപടികൾ നടപ്പിലാക്കുന്നതിന്റെ ചുമതല; എത്രകാലംകൊണ്ട് നടപ്പിലാ ക്കാമെന്നാണ് ഉദ്ദേശിക്കുന്നത് ; ഏതെല്ലാം വിളകൾക്കാണ് ഈ സർക്കാർ പ്രാധാന്യം കൊടുക്കാൻ പോകുന്നത്; ഉടനടി നമ്മുടെ സർക്കാർ എന്തൊക്കെ ചെയ്യേണ്ടി വരും; ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം അറിയാനായി ഈ സഭയ്ക്കും ഈ നാട്ടുകാർക്കും കർഷകർക്കും വലിയ താല്പര്യമുണ്ട്. അതിലേക്ക് വെളിച്ചം വീശുമെന്ന് വിശ്വസിക്കുന്നു, നിർത്തുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഇന്ന് ഇവിടെ നടക്കുന്ന ചർച്ചയ്ക്ക് വളരെ മൗലികമായ ഒരു പ്രാധാന്യമുണ്ട്. നമ്മുടെ സാമൂഹിക ഘടനയിൽ കീഴ്ത്തട്ടുകാരായ ആളുകൾ ധാരാളമായി ഇടത്തട്ടുകാരായി മാറിയപ്പോൾ കാർഷിക വൃത്തിയിൽ നിന്ന് കുറെ ആളുകൾ പിന്നോട്ട് പോന്നു. അത്തര മൊരു സാഹചര്യത്തിൽ ഇങ്ങനെ ഒരു നയം കൊണ്ടുവരികയും ആ നയം ഈ സഭ ചർച്ച ചെയ്യുകയും ചെയ്യുന്ന സമയത്ത് ഇത് പുറത്തുവിടുന്ന ഒരു

സന്ദേശമുണ്ട്. നമ്മുടെ യുവജനതലമുറയിൽ കാർഷിക വൃത്തിയോടുള്ള താല്പര്യം വർദ്ധിപ്പിക്കാൻ അത് ഇടവയ്ക്കും എന്നുള്ളതുകൊണ്ട് രണ്ടുമൂന്ന് കാര്യങ്ങൾ ചുരുക്കി പറയണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഒന്ന്, കൃഷിയോഗ്യമായ സ്ഥലങ്ങൾ കൃഷിക്ക് ഉപയോഗപ്പെടുത്തുമെന്ന് ഉറപ്പുവരുത്തുന്ന രീതിയിൽ നമുക്ക് മുന്നോട്ടുപോകേണ്ടതുണ്ട്. രണ്ടാമത്തേത്, കേരളത്തിന്റെ പ്രത്യേകത ഇന്നുള്ളത് നെല്ലിന്റെയും പച്ചക്കറിയുടെയും ഉല്പാദനത്തിൽ പുറകോട്ടുപോയി എന്നുള്ളതാണ്. അതുകൊണ്ട് എനിക്ക് തോന്നുന്നത് സ്വയം പര്യാപ്തത നേടേണ്ട അടിയന്തരമായ കുറെ ലക്ഷ്യങ്ങൾ നമ്മൾ പ്രഖ്യാപിക്കുകയും ആ രംഗത്ത് മുന്നോട്ടുപോകുകയുമാണ് ചെയ്യേണ്ടത്. ഉദാഹരണത്തിന് പച്ചക്കറി, പഴവർഗ്ഗങ്ങൾ, മുട്ട, പാൽ, മാംസം തുടങ്ങിയവയ്ക്ക് സ്വയം പര്യാപ്തത നേടിയെടുക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഒരു ഹ്രസ്വകാല പദ്ധതി എന്ന നിലയ്ക്ക് മുൻതൂക്കം കൊടുത്ത് പ്രവർത്തിക്കാൻ മുന്നോട്ടുവരണം. അതുപോലെ നമ്മുടെ കർഷകരിൽ നിന്ന് ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് വാങ്ങാനുള്ള നടപടിയെടുക്കണം. ഇപ്പോൾ ഹോർട്ടികോർപ്പ് ഇക്കാര്യങ്ങളിൽ കുറെ നീക്കങ്ങൾ നടത്തുന്നുണ്ട്. പക്ഷേ അത് പൂർണ്ണമായ വിജയമല്ല. അതുകൊണ്ട് കൃഷിക്കാരിൽ നിന്നും നേരിട്ട് വാങ്ങുന്ന കാര്യം അതുവഴി അവർക്ക് പരമാവധി വില ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്ന രീതിയിൽ കാര്യങ്ങൾ മുന്നോട്ടു പോകേണ്ടതുണ്ട്. കാർഷിക മേഖലയിൽ നമ്മൾ നടത്തുന്ന ഏതു സംരംഭവും യഥാർത്ഥത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതുപോലെ സമഗ്രമായി ചെയ്യേണ്ടതാണ്. അതിന് നമ്മുടെ ജലസ്രോതസ്സുകളും പാരിസ്ഥിതികമായ പ്രശ്നങ്ങളും ജൈവകൃഷിയിൽ ഊന്നുന്ന താല്പര്യവും അടക്കം ഇത് സമഗ്രമായി മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. അവിടെ ഒരു ചോർച്ചയും സംഭവിക്കരു

തെന്ന് ഞാൻ അപേക്ഷിക്കുകയാണ്. നമ്മുടെ ജലസ്രോതസ്സുകൾ കൂട്ടിയിണക്കാതെ നമ്മുടെ കൃഷിഭൂമി കൃഷിക്കായി ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്താതെ ഒരിക്കലും ഈ രംഗത്ത് വിജയിക്കാൻ കഴിയില്ല എന്നാലും ഇങ്ങനെയൊരു സമഗ്രമായ ഒരു നയം കൊണ്ടുവരാൻ അത് ഇവിടെ ചർച്ചയ്ക്ക് വരാനും വന്നപ്പോൾ എന്റെ ഒരു പ്രതീക്ഷ, കേരളത്തിലെ യുവജനതലമുറയിൽ കാർഷികവൃത്തിയോട് താല്പര്യം വരാൻ ഇടവയ്ക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. അതിന് മുൻകൈയെടുത്ത എല്ലാവരെയും അഭിവാദ്യം ചെയ്തുകൊണ്ട് ഈ ചർച്ച അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, നമ്മുടെ കേരളത്തിന്റെ ചരിത്രത്തിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു നയം സംബന്ധിച്ചാണ് ഇവിടെ ഇത്തരത്തിൽ ഒരു ചർച്ച ചെയ്യേണ്ടതായിട്ടുള്ളത്. അതിന് കളമൊരുക്കിയ എല്ലാവരോടും കേരളം എല്ലാകാലത്തും കടപ്പെട്ടിരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് കാർഷിക മേഖലയിൽ നിന്നും ഓരോ വർഷവും ആളുകൾ കൊഴിഞ്ഞുപോകുകയാണ്. കൃഷിക്ക് ഉപയുക്തമായ ഭൂമി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ രണ്ടു വിഷയങ്ങളെയും എങ്ങനെ അഡ്രസ്സ് ചെയ്യുമെന്നുള്ളതാണ് കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഏറ്റവും പ്രസക്തമായിട്ടുള്ളത്. അതിലൊന്നാണ് കാർഷികവൃത്തിയിൽ താല്പര്യമുള്ളവരെ ആ മേഖലയിൽ ഉറപ്പിച്ചു നിർത്തുക എന്നുള്ള കാര്യം. അങ്ങനെ ഉറപ്പിച്ചു നിർത്തണമെങ്കിൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആകർഷകമായ ഒരു ജോലിയാണ് അതെന്ന് ഉറപ്പുവരുത്താൻ കഴിയണം. അതുപോലെ ഭൂമി കൃഷിക്കാണ് ഉപയോഗിക്കേണ്ടതെന്ന് തോന്നത്തക്ക

വിധത്തിൽ, ഇപ്പോൾ നമ്മുടെ ഭൂമിയുടെ 50 ശതമാനത്തിൽ താഴെമാത്രമാണ് കൃഷിയ്ക്കുപയോഗിക്കുന്നത്. ഈ സാഹചര്യം മാറ്റിയെടുക്കാൻ കഴിയണം. അങ്ങനെ വേണമെങ്കിൽ ഈ നയം സംബന്ധിച്ച ഗവൺമെന്റിന്റെ നിലപാട് എന്താണ്? ഇതിൽ പറയുന്ന നയം ഗവൺമെന്റ് അംഗീകരിച്ചോ? ഏതൊക്കെ കാര്യങ്ങൾക്കാണ് ആദ്യം പരിഗണനകൊടുക്കാൻ തീരുമാനിച്ചിട്ടു ള്ളത്? മുൻഗണനാക്രമം നൽകി ഒരു സമയബന്ധിത പരിപാടി ആവിഷ്ക്കരിച്ച് പ്രത്യേക കാർഷിക ബഡ്ജറ്റുതന്നെ അംഗീകരിച്ച് മുന്നോട്ട് പോകുവാൻ തയ്യാറായാൽ മാത്രമേ ഈ നയം വിഭാവന ചെയ്തിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളു. അതിന് ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കു ന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേരളത്തിലെ കാർഷിക രംഗം നേരിടുന്ന പ്രതിസന്ധി മനസ്സിലാക്കി കൃഷിക്കും അനുബന്ധ മേഖലയ്ക്കും മുൻഗണന നൽകുന്നതിനുവേണ്ടി കേരളത്തിലെ മുഖ്യമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും മുൻകൈ എടുത്ത് ഇന്നിവിടെ രൂപപ്പെടുത്തിയിരിക്കുന്ന ഈ സമഗ്രമായ കാർഷികനയം തീർച്ചയായും ഏറെ ചിന്തിക്കുന്നതും അവരെ അഭിനന്ദിക്കേ ണ്ടതുമാണ്. ഇവിടെ പുതിയതായി കാർഷികരംഗത്തേക്ക് കടന്നുവരുന്നവരെ ആകർഷിക്കാൻ തക്കവിധത്തിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യമേഖല, വിളവെടുപ്പ് സംസ്ക്കരണം തുടങ്ങിയ സവിശേഷ മേഖലക ളിൽ ആകർഷകവും വെല്ലുവിളികൾ നിറഞ്ഞതുമായ സംരംഭങ്ങൾ ഏറ്റെടു ക്കാൻ ഈ തീരുമാനം കൂടുതൽ പ്രേരണ നൽകും എന്ന കാര്യത്തിൽ സംശ

യമില്ല. ഭാരതത്തിലെ പരമ്പരാഗത ധാന്യപുരകളെല്ലാം കാലിയായിരിക്കുന്നു. മിക്ക സംസ്ഥാനങ്ങളും നെല്ലുല്പാദനത്തിന് അവധി നൽകയിരിക്കുകയാണ്. എന്നും ഭക്ഷ്യദാരിദ്ര്യം അനുഭവിക്കുന്ന സംസ്ഥാനമാണ് കേരളം. ഉയർന്ന വില, ദൗർലഭ്യം എന്നീ കാരണങ്ങളാൽ വേണ്ടത്ര ധാന്യവസ്തുക്കൾ കിട്ടാതെ വരുമ്പോൾ പയറുവർഗ്ഗങ്ങൾ, ഇറച്ചി, മുട്ട, പാൽ തുടങ്ങിയ ഭക്ഷ്യ വസ്തുക്കളെ കൂടുതലായി ആശ്രയിക്കേണ്ടിവരുന്നു. ഭക്ഷ്യ വസ്തുക്കൾക്ക് വിലകൂടിവരുന്ന സാഹചര്യത്തിൽ വലിയ ജീവിതഭാരമാണ് ഇന്നിവിടെ സംഭ വിച്ചുകൊണ്ടിരിക്കുന്നത്. നെല്ലിന്റെ ഉല്പാദനശേഷിയെക്കുറിച്ച് പറയുകയാ ണെങ്കിൽ 2011–12 വർഷം 2,08,160 ഹെക്ടർ ഭൂമിയിലാണ് നെൽക്കൃഷി നടത്തിയിരുന്നതെങ്കിൽ ഇന്ന് 1,97,277 ഹെക്ടർ സ്ഥലത്തുമാത്രമാണ് ഉല്പാദനം ഉണ്ടാകുന്നത്. 5,68,993 മെട്രിക് ടൺ ഉണ്ടായിരുന്ന ഉല്പാദനം 5,08,259 ആയി കുറഞ്ഞിരിക്കുന്നു. വിലത്തകർച്ചയും അതോടൊപ്പം തൊഴി ലാളിക്ഷാമവും സംഭരണവും വിപണന സൗകര്യങ്ങളുടെ പോരായ്മയു മൊക്കെ ചെറുകിടകർഷകരെ ഏറെ ബുദ്ധിമുട്ടിപ്പിക്കുന്നുണ്ട്. ആവശ്യമായ അരിയുടെ അഞ്ചിലൊന്നുപോലും ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പി ക്കാൻ കഴിയുന്നില്ല. നാളികേര ഉല്പാദനക്ഷമത കുറഞ്ഞിരിക്കുന്നു. വില അല്പം കൂടുമ്പോൾ ഉല്പാദനം നമുക്ക് നേടിയെടുക്കാൻ സാധിക്കുന്നില്ല. ഒരുവിധം മഴ കിട്ടുന്ന സംസ്ഥാനമാണെങ്കിലും ആഭ്യന്തര പച്ചക്കറി ഉല്പാദിപ്പിക്കാൻ കഴിയാത്ത സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ഇത്രയും കാര്യങ്ങളെ ഗൗരവത്തോടുകൂടി കാണുമ്പോഴാണ് ഒരു യാഥാർത്ഥ്യം മനസ്സിലാക്കേണ്ടത് കർഷകർമാത്രം ശ്രദ്ധിച്ചാൽ തീരുന്ന പ്രശ്നമല്ല. കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ ഈ വിഷയങ്ങൾ പരിഹരി

ക്കാൻ സാധിക്കുയുള്ളു. അതിന് സമഗ്രമായ ഒരു കാർഷികനയം രൂപപ്പെടുത്തുന്നതിനുവേണ്ടി നടത്തുന്ന ഈ ചർച്ച ഏറ്റവും കൂടുതൽ പ്രശംസനീയമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

ഇന്ന് നമ്മളെ സംബന്ധിച്ചിടത്തോളം മൃഗസംരക്ഷണ മേഖലയിലുള്ള പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാൻ കഴിയുന്നില്ല. അതിനുള്ള കാരണം പല വിഷയങ്ങളും താഴെക്കിടയിലുള്ള കർഷകരുമായും സംഘടനകളുമായും ചർച്ച ചെയ്യാൻ താത്പര്യം കാണിക്കുന്നില്ല എന്നുള്ളതുതന്നെയാണ്. അതുപോലെ മൃഗസംരക്ഷണത്തിന് സബ്സിഡിയും പ്രോത്സാഹനവും ബാങ്കിംഗ് മേഖലയിൽ നിന്ന് ലഭിക്കുന്നുണ്ടോ എന്നുള്ള വിഷയം ഗൗരവപൂർവ്വം കാണേണ്ടതായിട്ടുണ്ട്. അതോടൊപ്പംതന്നെ ഏറ്റവും പ്രധാനപ്പെട്ടത് ക്ഷീരമേഖലയിൽനിന്നുള്ള വരുമാനക്കുറവ്- പാലുൽപ്പാദനത്തിനുള്ള ഉയർന്ന ചെലവാണ് ഇതിന് നിദാനം. പാൽ വില ഉയരാൻ കാരണം കാലിത്തീറ്റയുടേയും തീറ്റപ്പുല്ലിന്റേയും വില വർദ്ധനവാണ്. ഇങ്ങനെയുള്ള വിവിധ പ്രശ്നങ്ങൾ ചെറുകിട ക്ഷീര കർഷക മേഖലയിൽ വ്യാപകമായുണ്ടാകുന്നു. യുവകർഷകരെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കാൻ വിവിധ വകുപ്പുകളെ ക്രോഡീകരിച്ച് നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. പ്രധാനപ്പെട്ട ഒരു കാര്യം ഇവിടെ സൂചിപ്പിക്കട്ടെ- വരൾച്ച, വെള്ളപ്പൊക്കം, ഭൂചലനം, ഇടിമിന്നൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾമൂലവും മാരക രോഗങ്ങളോ മനുഷ്യപ്രവർത്തനങ്ങളോ സൃഷ്ടിക്കുന്ന ആശങ്കകൾമൂലം വിളനഷ്ടം ഉണ്ടാകുമ്പോൾ നാമമാത്രമായി സഹായം നൽകുന്ന നിലവിലുള്ള നഷ്ട പരിഹാര മൂല്യനിർണ്ണയ രീതി പാടെ മാറ്റി കർഷകർക്കുണ്ടാകുന്ന

ഉൽപ്പാദന നഷ്ടത്തിന്റെ യഥാർത്ഥ മൂല്യം നിർണ്ണയിച്ച് അത്രയും തുക നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..........

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അങ്ങനെ കർഷകർക്ക് ആത്മവിശ്വാസം കൊടുത്തുകൊണ്ടല്ലാതെ കാർഷിക മേഖലയെ രക്ഷപ്പെടുത്താനാകില്ല. അതിനുവേണ്ടിയുള്ള നല്ല സമീപനങ്ങളും നയങ്ങളുമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. അതിനൊക്കെ ആർജ്ജവം കാണിച്ച, കാർഷിക ബഡ്ജറ്റ് എന്നുപറയാൻ കഴിയുന്നില്ലെങ്കിലും തനത് ബഡ്ജറ്റിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഒട്ടേറെ കാര്യങ്ങൾ....... ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ, 90% സർക്കാർ പ്രീമിയത്തിലൂടെ ‘ഇൻകം ഗ്യാരന്റി സ്കീം’ കൊണ്ടുവന്നതുൾപ്പെടെ ധാരാളം കാര്യങ്ങൾ കർഷകർക്കുവേണ്ടി ചെയ്യുകയുണ്ടായി. ഫലപ്രദമായി ഒരു കോ–ഓർഡിനേഷനോടുകൂടി നടപ്പിലാക്കാൻ നടപടി സ്വീകരിച്ച ഗവൺമെന്റ് നയങ്ങളെ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. എ. എ. അസീസ്: സർ, എല്ലാ മേഖലകളെ സംബന്ധിച്ചും സമഗ്രമായി പ്രതിപാദിച്ചുകൊണ്ടുള്ളതാണ് ഈ കരട് കാർഷിക നയം. യഥാർത്ഥത്തിൽ കൃഷിക്കാരൻ ഇന്ന് അഭിമുഖീകരിക്കുന്നത് ഉൽപ്പാദനത്തിന് ചെലവാക്കുന്ന തുക ഉൽപ്പന്നത്തിന് ലഭിക്കുന്നില്ല എന്നുള്ളതാണ്. ഉൽപ്പാദന ച്ചെലവും ഉൽപ്പന്നത്തിന്റെ വിലയുമായി ബന്ധമില്ലാതായ സാഹചര്യത്തിലാണ് കൃഷിക്കാരൻ കൃഷിയിൽനിന്നും വിരമിക്കാൻ തുടങ്ങിയത് എന്നുമാത്രമല്ല പ്രകൃതി ദുരന്തംമൂലം കൃഷിനാശം സംഭവിച്ചാൽ അവനെ പൂർണ്ണ

മായി സംരക്ഷിക്കാൻ കഴിയുന്ന ഒരു സമീപനം, ഒരു നിയമം ഇന്ന് നമ്മുടെ സംസ്ഥാനത്തില്ല. ഇഞ്ചി, വാഴ തുടങ്ങി വിവിധതരം കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടമെടുത്ത് കൃഷി ഇറക്കിയതിനുശേഷം നഷ്ടം സംഭവിച്ചാൽ അവർക്ക് ആത്മഹത്യയല്ലാതെ മറ്റ് മാർഗ്ഗമില്ല. അത്തരത്തിലുള്ള ആത്മഹത്യകളാണ് നമ്മുടെ സംസ്ഥാനത്ത് പലതരത്തിലുമുണ്ടായത്. അതിനൊക്കെ പരിഹാരം കാണത്തക്കവിധത്തിലുള്ള ഒരു നിയമനിർമ്മാണമാണ് യഥാർത്ഥത്തിൽ ഈ പശ്ചാത്തലത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, കേരളത്തിന്റെ കാർഷികരംഗത്തെക്കുറിച്ച് വളരെ നല്ലനിലയിൽ പഠനം നടത്തി ഒരുപാട് സമയം അതിനുവേണ്ടി നീക്കിവച്ച് ആധുനിക കാലഘട്ടത്തിന്റെ എല്ലാ സവിശേഷതകളേയും പരിശോധിച്ചുകൊണ്ട് സമഗ്രമായിട്ടുള്ള ഒരു കാർഷിക വികസനരേഖയാണ് ഈ സഭയിലെ മുൻ അംഗമായിരുന്ന ശ്രീ. കെ. കൃഷണൻകുട്ടി, മുൻ കൃഷി വകുപ്പ് ഡയറക്ടർ ആർ. ഹേലി തുടങ്ങിയവരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ രേഖ. ഇത് തയ്യാറക്കിയതിൽ ഒരു ചെറിയ പിശക് വന്നിട്ടുള്ളതായി എനിക്ക് തോന്നുന്നു. ശ്രീ. കെ. കൃഷ്ണൻ കുട്ടി നല്ലൊരു കൃഷിക്കാരനാണ്. പ്രത്യേകിച്ച് പാലക്കാട് നെൽകൃഷി രംഗത്ത് അദ്ദേഹം പ്രഗത്ഭൻ തന്നെയാണ്. പക്ഷെ ഇവിടെ ധാരാളം കർഷക സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ആ കർഷക സംഘടനകളെ ഇതിന്റെ ഭാഗഭാക്കാക്കി മാറ്റാൻ യഥാർത്ഥത്തിൽ കഴിഞ്ഞില്ല. ഉദ്യോഗസ്ഥരും ശ്രീ. കെ. കൃഷ്ണൻ കുട്ടിയും കൂടിച്ചേർന്നുള്ള ഒരു രേഖയായി പരിമിതപ്പെടുത്തുന്ന ഒരു പോരായ്മ ഇതിലുണ്ട്. പ്രധാനമായും ഈ രേഖയിൽ നമ്മുടെ നെൽക്കൃ

ഷിയെ സംബന്ധിച്ചാണ് നല്ല പരാമർശങ്ങളുള്ളത്. കേരളം ഇന്ന് ഒരുപാട് വളർന്ന് വികസിച്ചിട്ടുണ്ട്. കേരളത്തിന്റെ വളർച്ച പഴയതിൽനിന്നും ഒരു പത്തൻപത്തിയഞ്ച് വർഷക്കാലത്തെ, ഒന്നാമത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനുശേഷം ഇന്നേയ്ക്ക് പത്തൻപത്തിയേഴ് വർഷങ്ങൾ പിന്നിട്ടു. കേരളത്തിൽ നിലനിന്നിരുന്നത് ഒരു ജന്മി നാടുവാഴിത്ത വ്യവസ്ഥയായിരുന്നു. അന്നത്തെ കാർഷിക പ്രശ്നങ്ങൾ അതായിരുന്നു. ആ ജന്മി നാടുവാഴിത്ത വ്യവസ്ഥയുടെ കാലഘട്ടത്തിൽനിന്ന് കേരളം ഒരുപാട് വളർന്നുവികസിച്ചു വന്നു. ഇന്നിവിടെ ജന്മി നാടുവാഴിത്ത വ്യവസ്ഥയില്ല. ആ വ്യവസ്ഥ തകർത്ത് കൃഷിഭൂമി കൃഷിക്കാരന്റെ കൈവശമെത്തി. കാർഷിക രംഗത്ത് സമഗ്രമായിട്ടുള്ള ഭൂപരിഷ്ക്കരണ നിയമങ്ങൾ വന്നു. ഭൂമി ജനങ്ങളുടെ കൈവശമെത്തി. അതിന്റെ ഫലമായി കാർഷിക രംഗത്ത് ഉൽപ്പാദനം വർദ്ധിച്ചു. കാർഷിക രംഗത്ത് ഉൽപ്പാദനം വർദ്ധിച്ചപ്പോൾത്തന്നെ ഈ കാർഷിക രംഗത്തെ വിപുലീകരിക്കാൻ കൃഷിക്കാരെ സഹായിക്കാൻ കേരളത്തിൽ സഹകരണ പ്രസ്ഥാനത്തിന് രൂപംകൊടുത്തു. ആ സഹകരണ പ്രസ്ഥാനം കേരളത്തിന്റെ കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തി. നമ്മുടെ ചെറുപ്പക്കാർ വിദേശരാജ്യങ്ങളിലേയ്ക്കുപോയി. അവരുടെ വിദ്യാഭ്യാസം അതിലൊരു പ്രധാനഘടകമാണ്. ഭൂപരിഷ്ക്കരണം, സഹകരണ മേഖലയുടെ വളർച്ച, കേരളത്തിന്റെ വിദ്യാഭ്യാസം – ഇവയാണ് ഇന്നത്തെ കേരളത്തിന്റെ വളർച്ചയ്ക്ക് അടിസ്ഥാന ഘടകം. വിദേശരാജ്യങ്ങളിൽ പോയ മലയാളി ചെറുപ്പക്കാർ പണിയെടുത്ത് ആ പണമൊക്കെ കേരളത്തിലേയ്ക്ക് വന്നു. കേരളത്തിന്റെ സാമ്പത്തികരംഗം, ഭൂഘടന, കാർഷിക രംഗം എന്നിവയിൽ ഒരുപാട് വികസനമുണ്ടായി. അതിന്റെ ഫലമായി നമ്മുടെ ഭൂമിയുടെ അളവ്

ക്രമേണ കുറഞ്ഞുവരുവാൻ തുടങ്ങി. 1950 കാലഘട്ടത്തിൽ 35 കോടി ആയിരുന്ന ഇന്ത്യൻ ജനസംഖ്യ ഇന്ന് 130 കോടിയിലെത്തി. കേരളത്തിൽ 1950 കാലഘട്ടത്തിൽ ജനസംഖ്യ ഒന്നരക്കോടിയിൽ കുറവാണ്. എന്നാലിന്ന് കേരളത്തിന്റെ ജനസംഖ്യ മൂന്നരക്കോടിയിലധികമെത്തി. ജനങ്ങൾ വർദ്ധിച്ചു. മാറ്റങ്ങൾ സംഭവിച്ചു. ഈ മാറ്റങ്ങളുടെയെല്ലാം പ്രധാന ഘടകം ഭൂമിയാണ്. വ്യാവസായിക വളർച്ചയ്ക്കും ഭൂമി ഉപയോഗപ്പെടുത്തി. ജനങ്ങളുടെ സാമ്പത്തികരംഗത്തും മാറ്റമുണ്ടാക്കി. ഇങ്ങനെ പുതിയൊരു സാഹചര്യം നമ്മുടെ മുമ്പിൽ വന്നുപെട്ടിട്ടുണ്ട്. ഈ പുതിയ സാഹചര്യത്തിൽ ഭക്ഷ്യപ്രശ്നം ഇന്ന് ഒരു പ്രധാനഘടകമായി വരുന്നു. നെൽവയലുകളുടേയും കൃഷി ഭൂമിയുടേയും അളവ് കുറഞ്ഞുവരുന്നു. സ്വാഭാവികമായും ഈ മാറ്റങ്ങളുടെ ഒരു പ്രതികരണമാണിവിടെ സംഭവിച്ചിട്ടുള്ളത്. അങ്ങനെ വരുമ്പോൾ ഇന്നത്തെ കാലഘട്ടത്തിൽ നമുക്ക് എന്ത് നിർവ്വഹിക്കാൻ കഴിയുമെന്നുള്ളതാണ് നമ്മുടെ മുമ്പിൽ ഉയർന്നുവരുന്ന വിഷയം. അതിലൊന്ന്, കേരളം അതിമനോഹരമായിട്ടുള്ള ഒരു ഭൂപ്രദേശമാണ്. 44 നദികൾ, കിഴക്കൻ പശ്ചിമഘട്ടം, ഇടനാടൻ മേഖലകൾ, പടിഞ്ഞാറ് അറബിക്കടൽ, കായൽ നിലങ്ങൾ, തണ്ണീർത്തടങ്ങൾ തുടങ്ങിയവയൊക്കെ നിറഞ്ഞുകിടക്കുന്ന മനോഹരമായ ഭൂപ്രദേശമാണ്. 44 നദികളിൽ 41 നദികളും കിഴക്കുനിന്നാരംഭിച്ച് പടിഞ്ഞാറ് അറബിക്കടലിൽ പതിക്കുന്നു. ഈ നദികളിലെ വെള്ളം നമ്മുടെ ആവശ്യങ്ങൾക്കുപയോഗപ്പെടുത്തത്തക്ക നിലയിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ ചരിത്രമെടുത്തുനോക്കിയാൽ കേരളത്തിലെ ഒരു ജലസേചന പദ്ധതികളും ലക്ഷ്യത്തിലെത്തിയിട്ടില്ല. 50 ശതമാനംപോലും പൂർത്തീകരിക്കാൻ

സാധിച്ചിട്ടില്ല. വടക്കേ മലബാറിലെ ഏറ്റവും പ്രശസ്തമായ പദ്ധതിയാണ് പഴശ്ശി പദ്ധതി. ധാരാളം ഭൂമി വിലയ്ക്കെടുത്തു. ധാരാളം കനാലുകളുണ്ടാക്കി. പക്ഷെ കനാലുകളിലൂടെ വെള്ളമൊഴികിയില്ല. ഇപ്പോൾ കനാലുകളൊക്കെ കാടുകയറി കിടക്കുന്നു. ജലസേചന പദ്ധതികൾ എന്തുകൊണ്ട് കാർഷിക രംഗത്ത് ഉപയുക്തമാക്കാൻ സാധിച്ചില്ല? അതിന്റെ ആസൂത്രണത്തിൽ പിശകുണ്ട്. ശാസ്ത്രജ്ഞന്മാരും എഞ്ചിനീയർമാരും കൃഷിക്കാരും കൂടിച്ചേർന്നുകൊണ്ടുള്ള ഒരു സമീപനത്തിന്റെ ഭാഗമായി രൂപപ്പെടുത്തിയിരുന്നുവെങ്കിൽ ഇങ്ങനെ ഒരബദ്ധത്തിലേയ്ക്ക് നമ്മൾ പോകുമായിരുന്നില്ല. ജലസേചന പദ്ധതികൾ ഫലപ്രദമായി കാർഷികരംഗത്ത് ഉപയോഗപ്പെടുത്താൻ നമുക്ക് സാധിച്ചില്ല. കേരളത്തിന്റെ ഭക്ഷ്യരംഗത്ത് ഏറ്റവും പ്രധാനപ്പെട്ട രണ്ടുമൂന്ന് ജില്ലകളുണ്ട്- തൃശ്ശൂർ, ആലപ്പുഴ, പാലക്കാട് എന്നിവയാണ്. ഇതിൽത്തന്നെ ഏറ്റവും പ്രശസ്തമാണ് കുട്ടനാട്. കുട്ടനാട് പാക്കേജ്- നമ്മൾ ലജ്ജിച്ച് തലതാഴ്ത്തണം, കാലാവധി കഴിഞ്ഞില്ലേ; നമുക്കെത്തിക്കാൻ സാധിച്ചോ; 784 കോടി രൂപയുടെ ഇടുക്കി പാക്കേജ് എവിടെ? 1884 കോടി രൂപയിൽ ആരംഭിച്ചതാണ് കുട്ടനാട് പാക്കേജ്. ആ കുട്ടനാട് പാക്കേജ് എവിടെ; എത്ര കോടിയാണ് ചെലവാക്കിയത്; ഏറ്റവും കുറ്റകരമായ നിലപാടാണ് അതിനടിസ്ഥാനം. ക്ഷമിക്കാൻ കഴിയുന്നതല്ലത്. വയനാട് പാക്കേജ് എവിടെ; പാക്കേജുകളൊന്നും ഫലപ്രദമായി നടപ്പിലാക്കാൻ എന്തുകൊണ്ട് സാധിച്ചില്ല; നമ്മൾ പരിശോധിക്കേണ്ട വിഷയമാണ്. ഈ വികസന നയങ്ങൾ ആവിഷ്ക്കരിച്ചതുകൊണ്ട് ഈ നാട്ടിലെ കാർഷികരംഗത്ത് മാറ്റമുണ്ടാകില്ല. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനൻ തപസ്സു

ചെയ്താലും ഇന്നത്തെ നിലയിലാണ് പോകുന്നതെങ്കിൽ ഈ നയം നടപ്പിലാക്കാൻ സാധിക്കില്ല.

നയം നമുക്കുണ്ട്; ഗവേഷണം നടത്തി, ശ്രീ. കൃഷ്ണൻകുട്ടിയും അദ്ദേഹത്തോടൊപ്പമുള്ള ഉദ്യോഗസ്ഥന്മാരും ഡോ. ഹാലിയും കൃഷി വകുപ്പിന്റെ ഡയറക്ടറും കൂടി ചേർന്നൊരു രേഖ തയ്യാറാക്കുകയും കൃഷിയെക്കുറിച്ച് പഠിച്ച് അറിവ് നേടുകയും ചെയ്തു. ഇതിനെ ഇംപ്ലിമെന്റ് ചെയ്യാൻ സർക്കാർ തയ്യാറാകുമോ? അതിന് സാധിക്കില്ലെന്നുള്ളതിന്റെ തെളിവാണ് കുട്ടനാടും ഇടുക്കിയും വയനാടും പാക്കേജുകൾ. ഇതിൽ ഗവൺമെന്റ് കാണിച്ചുകൊണ്ടിരിക്കുന്ന കുറ്റകരമായ അനാസ്ഥയുണ്ട്. ഇക്കാര്യത്തിൽ മുൻകയ്യെടുത്ത്, ആർജ്ജവത്തോടുകൂടി പ്രവർത്തിക്കാൻ സർക്കാരിന് സാധിക്കുമോ; ആവശ്യമുള്ള പണം ഈ രംഗത്ത് കൊടുക്കാൻ സാധിക്കുമോ? ഭക്ഷ്യ പ്രശ്നം ഏറ്റവും ഗൗരവമായ ഒരു വിഷയമാണ്. ആ പ്രശ്നം പരിഹരിക്കണം. ഇവിടെ പാസ്സാക്കിയെടുത്ത തണ്ണീർത്തട നിയമങ്ങൾ സംരക്ഷിച്ചുകൊണ്ട്, ഇന്ന് ഉള്ള ഭൂമിയെ സംരക്ഷിക്കാനും അവിടെ കാർഷികോത്പാദനം വർദ്ധിപ്പിക്കാനും ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയണം. നെല്ലുൽപ്പാദനത്തെ കണക്കെടുത്താൽ 1960-ൽ 7,90,000 ഹെക്ടറിലാണ് നെൽകൃഷി ചെയ്തിരുന്നത്. 2013-ലെ കണക്കനുസരിച്ച് നെൽകൃഷി 1,97,000 ഹെക്ടറിലായി പരിമിതപ്പെട്ടിരിക്കുകയാണ്. കൃഷിഭൂമിയുടെ അളവും നെല്ലുൽപ്പാദനവും കുറഞ്ഞു. കേരളത്തിന്റെ കണക്കെടുത്ത് പരിശോധിച്ചുനോക്കിയാൽ കേരളത്തിന്റെ ഉൽപ്പാദന മേഖലയിൽ, ഏതാണ്ട് നമ്മൾ ഉൽപ്പാദിപ്പിക്കുന്ന അളവ് വളരെ കുറവാണ്. എന്നാൽ നമ്മുടെ

ആവശ്യങ്ങൾ വളരെ കൂടുതലാണ്. ആവശ്യമുള്ള നെല്ലിന്റെ 10 ശതമാനം മാത്രമേ ഇവിടെ ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നുള്ളു. ഇവിടെ നമുക്ക് അരിയുടെ ആവശ്യം പൂർണ്ണമായും നിർവ്വഹിക്കാൻ കഴിയത്തക്കനിലയിൽ, നെല്ലുൽപ്പാദനം വർദ്ധിപ്പിക്കണം. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യം ഞാൻ പറയുന്നു. പഴയ കുട്ടനാടിനെ നമ്മൾ തിരിച്ചുകൊണ്ടുവരണം; അതിന് എന്തു ചെയ്യാൻ സാധിക്കും? കുട്ടനാട് പാക്കേജ് തകർത്തു; കുട്ടനാടിന്റെ കാർഷിക മേഖലയിൽ പഴയ കുട്ടനാട് പുന:സ്ഥാപിച്ചാൽ കാർഷിക രംഗത്ത്..... തൃശ്ശൂർ ജില്ലയിലെ കോൾപാടങ്ങൾ മുഴുവൻ നെൽക്കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയണം. പാലക്കാടുള്ള നെൽവയലുകളിൽ മുഴുവൻ കൃഷിയിറക്കണം. കേരളത്തിൽ ഏതെല്ലാം വയലുകളുണ്ടോ അതെല്ലാം സംരക്ഷിച്ച് അവിടെ മുഴുവൻ നെൽകൃഷിക്ക് ഉപയുക്തമാക്കാൻ കഴിയത്തക്കനിലയിൽ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുകയും ഉൽപ്പാദനം വർദ്ധിപ്പിക്കുകയും വേണം.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, അങ്ങയുടെ അഭിപ്രായ ത്തോട് വിരുദ്ധമായി പ്രവർത്തിക്കുന്നുവെന്ന് കരുതണ്ട. കേരളം നാണ്യവിള കളുടെ നാടാണ്. നാണ്യവിളകൾക്ക് മാന്യമായ വില കിട്ടുന്നെങ്കിൽ ഈ രാജ്യത്ത് ..... വാങ്ങാൻ ഒരു ബുദ്ധിമുട്ടുമുണ്ടാകില്ല. ആ നിലയ്ക്ക്.....

മി. സ്പീക്കർ: ശ്രീ ജയരാജൻ അങ്ങേയ്ക്കിനി മൂന്നു മിനിട്ട് മാത്രമേയു ള്ളൂ. മൂന്നൂ മിനിട്ട് ആകുമ്പോൾ മൈക്ക് ഓഫ് ചെയ്യും.

ശ്രീ. ഇ. പി. ജയരാജൻ: ഞാൻ അടുത്ത് സംസാരിക്കാൻ പോകുന്നത് നാണ്യവിളകളെ സംബന്ധിച്ചാണ്. നെൽകൃഷിയെ സംരക്ഷിക്കണം.

നെൽകൃഷിയെ സംരക്ഷിക്കാൻ കഴിയണമെങ്കിൽ, നെല്ലിന്റെ വില വർദ്ധിക്കണം; അതിന് ഗവൺമെന്റ് സബ്സിഡി കൊടുക്കണം. ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കീടനാശിനികൾ ഉപയോഗിക്കുന്നുണ്ട്. മാരകമായ അപകടമുണ്ടാകുന്ന കീടനാശിനകൾക്ക് പകരം ജൈവകീടനാശിനികൾ ഇവിടെയുണ്ട്, അത് ഉപയോഗിക്കാൻ കൃഷിക്കാരെ പ്രേരിപ്പിക്കണം. രാസവളങ്ങൾക്ക് വൻ വിലക്കയറ്റമാണ്; അതിനെ തടയാൻ സാധിക്കണം. ഏറ്റവും പ്രധാനപ്പെട്ട ഒരു കാർഷിക വിളയാണ് റബ്ബർ. എന്താണ് റബ്ബർ കർഷകർ അതിൽനിന്നും പിന്നോട്ടുപോകുന്നത്? റബ്ബറിന്റെ വിലയിടിഞ്ഞു. ഇതിന് ആരാണ് ഉത്തരവാദി? കേന്ദ്ര ഗവൺമെന്റിന്റെ കൃഷി നയം കൊണ്ട് റബ്ബർ കൃഷിക്കാരെ തെരുവാധാരമാക്കി. റബ്ബറിന് 243 രൂപ വില കിട്ടിയിരുന്നു; ഇന്ന് അത് 120 രൂപയിലേക്ക് താഴ്ന്നുകൊണ്ടിരിക്കുകയാണ്. എന്തുകൊണ്ട് റബ്ബർ ഇറക്കുമതിയെ പ്രോത്സാഹിപ്പിച്ചു? ഇവിടത്തെ വൻകിട ടയർ കമ്പനികൾക്ക് വേണ്ടിയാണ്. അവർക്ക് ലാഭം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നിലപാട് സ്വീകരിച്ചു. ഫലം, ഇവിടെ റബ്ബർ വേണ്ട, ഇപ്പോൾ നിങ്ങൾക്ക് അറിയാമോ? ദക്ഷിണാഫ്രിക്കയിൽ പോയി ഇവിടത്തെ വൻകിട ടയർ കമ്പനിക്കാർ ഭൂമിയെടുത്തു; അവിടെ ഭൂമി വിലയില്ലാതെ കിട്ടും. കറുത്ത വർഗ്ഗക്കാരെ ഉപയോഗിച്ചുകൊണ്ട് വൻതോതിൽ പ്ലാന്റേഷൻ........7 വർഷം കഴിഞ്ഞാൽ റബ്ബറിൽ നിന്ന് പാൽ എടുക്കാൻ സാധിക്കും. ആ പാൽവന്നാൽ ഇവിടത്തെ റബ്ബർ കൃഷിക്കാർ ഇന്നുള്ളതിനേക്കാളും തകരും. കുരുമുളക് കൃഷിക്കാർക്കും ഇഞ്ചി കൃഷിക്കാർക്കും പച്ചക്കറി കൃഷിക്കാർക്കും വില കിട്ടുന്നില്ല. ഈ വില കിട്ടായ്മ കാർഷിക രംഗത്തുനിന്ന് കൃഷിക്കാർ പിന്നോട്ടുപോകാൻ ഇടയാക്കുന്നു; മറ്റു വഴികൾ തേടുന്നു. അതുകൊണ്ട്

ഗവൺമെന്റ് ചെയ്യേണ്ടത്, എല്ലാ കാർഷികോൽപ്പന്നങ്ങൾക്കും വില നിശ്ചയിച്ച്, സംഭരിച്ച് വിപണനം ശക്തിപ്പെടുത്താൻ കഴിയത്തക്കനിലയിലുള്ള നടപടി സ്വീകരിക്കണം. അതുവഴി മാത്രമേ ഇവിടത്തെ വിലയിടിവ് തടയാനും കൃഷിക്കാർക്ക് ആശ്വാസം കൊടുക്കാനും സംരക്ഷണം കൊടുക്കാനും അവരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളാനും സാധിക്കുകയുള്ളു. എല്ലാ കൃഷിക്കാർക്കും പെൻഷൻ നടപ്പിലാക്കാൻ കഴിയുന്നൊരു പദ്ധതി ആവിഷ്ക്കരിക്കണം. കൃഷിക്കാർക്ക് പ്രചോദനം കൊടുക്കണം. ക്ഷീര കൃഷി ക്കാർക്കുള്ള പെൻഷൻ 500 രൂപ വരെ വർദ്ധിപ്പിക്കണം. കോഴി – ഇന്ന് നമ്മുടെ കേരളത്തിന്റെ ഒരു പ്രധാന ആഹാരമാണ്; അതിനെ പ്രോത്സാഹിപ്പി ക്കണം. കോഴി മുട്ട ഉപയോഗിക്കുന്നവരുടെ എണ്ണവും കോഴിയിറച്ചിയുടെ ഉപയോഗവും വൻതോതിൽ വർദ്ധിക്കുന്നുണ്ട്. അതിന് കഴിയത്തക്ക നിലയിൽ, ഈ രംഗത്തെ മുഴുവൻ വിപുലീകരിക്കാൻ ഫലപ്രദമായൊരു പ്ലാനിംഗാണ് ഇവിടെ വേണ്ടത്. രേഖയുണ്ട്, ഫലപ്രദമായി നടപ്പിലാക്കുന്നതി നുവേണ്ടിയുള്ള ആർജ്ജവം കേരളത്തിന്റെ കൃഷിവകുപ്പുമന്ത്രി കാണി ക്കുമോ? അവിടെയാണ് വിജയത്തിന്റെയും പരാജയത്തിന്റെയും കിടപ്പ്. സത്യം കണ്ടെത്തി പ്രയോഗിക്കാൻ ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, 1957 മുതൽ, ഇതുവരെ കേരള നിയമസഭ യിൽ ചട്ടം 58 പ്രകാരം 44 ചർച്ചകൾ നടന്നിട്ടുണ്ട്. ചരിത്രത്തിൽ ആദ്യമാ യാണ് ഒരു കരട് നയം 58-ാം വകുപ്പനുസരിച്ചുകൊണ്ട് സഭയിൽ ചർച്ച

ചെയ്യുന്നത്. അതിന് അനുവാദം നൽകിയ ബഹുമാനപ്പെട്ട സ്പീക്കർക്ക് ആദ്യമായി നന്ദി രേഖപ്പെടുത്തട്ടെ. ഈ വിഷയം ചർച്ച ചെയ്യാൻ നോട്ടീസ് നൽകിയ ഡോ. എൻ. ജയരാജ്, അതിൽ പങ്കെടുത്ത ബഹുമാനപ്പെട്ട അംഗങ്ങൾ, മറ്റുനിയമസഭാംഗങ്ങൾ മന്ത്രിമാരടക്കമുള്ളവർ, എല്ലാറ്റിനും ഉപരി കാർഷിക നയം രൂപീകരിക്കാൻ സർക്കാർ രൂപംകൊടുത്ത സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. കെ. കൃഷ്ണൻ കുട്ടി, ഡോ. ഹാലി അടക്കമുള്ള മറ്റ് സമിതി അംഗങ്ങൾ, 48 സമ്മേളനങ്ങൾ 14 ജില്ലകളിൽ നടത്തിയതിൽ ഏകദേശം 2650 വ്യക്തികളുമായി ചർച്ചകൾ നടത്തി, ആ ചർച്ചകളിൽ പങ്കെടുത്ത മുഴുവൻ കർഷക സുഹൃത്തുക്കൾക്കും കേരളത്തിലെ കർഷകരുടെ നന്ദി ഒന്നുകൂടി രേഖപ്പെടുത്തുകയാണ്. കാർഷിക മേഖലയിലേക്ക് പുതുതലമുറയെ ആകർഷിക്കാനും കൃഷി ആദായകരവും മാന്യവും നവജീവിത ശൈലി ഉൾക്കൊള്ളുന്നതുമായ ഒരു തൊഴിലാക്കി മാറ്റിയെടുക്കുന്നതിനാവശ്യമായ ഒരു നയം കർഷകരുടേയും കാലഘട്ടത്തിന്റേയും സമൂഹത്തിന്റേയും ആവശ്യമാണ്. 20 വർഷങ്ങൾക്കുമുമ്പാണ് ആദ്യത്തെ കാർഷിക നയം പ്രഖ്യാപിച്ചിരുന്നത്. അന്ന് മുന്നോട്ടുവച്ച ആശയങ്ങളിലൊന്നായിരുന്നു കർഷക പെൻഷൻ. പക്ഷേ പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചില്ല. എന്നാൽ ഈ സർക്കാർ അധികാരമേറ്റശേഷം ഉടൻ നടപ്പിലാക്കി. ഇത്തരം ആശയങ്ങൾ കർഷകരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും അത്യന്തം പ്രയോജനപ്പെടുത്തുന്നതുകൊണ്ടാണ് ഒരു കാർഷിക വികസന നയം സംസ്ഥാനത്ത് നടപ്പിലാക്കണമെന്ന് ആഗ്രഹിച്ചത്. കേരളത്തിന്റെ കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനുള്ള സമ്മർദ്ദവും ഗുണമേന്മയുള്ള സ്വന്തം മണ്ണിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഭക്ഷണത്തിനുള്ള

വർദ്ധിച്ച ആവശ്യകതയും മനസ്സിലാക്കിയാണ് കേരളത്തിൽ ഒരു കാർഷിക വികസന നയം വളരെ അത്യാവശ്യമാണെന്ന് കൃഷിയെ സ്നേഹിക്കുന്ന ഓരോരുത്തരേയും ചിന്തിപ്പിച്ചത്. കേരളത്തിന്റെ പരിസ്ഥിതിയെ സംരക്ഷിക്കാനും അമൂല്യമായ പ്രകൃതിവിഭവങ്ങളായ സസ്യ-ജന്തു-ജീവജാലങ്ങളെയും പരിരക്ഷിക്കാനും കൃഷിയും കൃഷിഭൂമിയും സംരക്ഷിച്ചാൽ മതിയെന്ന തിരിച്ചറിവിലേക്ക് കേരളീയസമൂഹം എത്തിച്ചേർന്ന ഘട്ടത്തിലാണ് ഈ കാർഷിക വികസന നയം രൂപപ്പെടുത്തിയത് എന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. കേരളത്തിലെ സമസ്ത മേഖലയിലുമുള്ള സുസ്ഥിര വളർച്ചയ്ക്കും കാർഷിക മേഖലയെ ഉറപ്പിച്ചുനിർത്തേണ്ടത് അത്യാവശ്യമാണെന്ന് കെ. കൃഷ്ണൻകുട്ടി ഇതിന്റെ ചെയർമാനും ഡോ. ആർ. ഹാലിയെ പോലുള്ള പരിചയസമ്പന്നനും പ്രഗൽഭരുമായ ഒരു സംഘം വിദഗ്ദ്ധർ ദീർഘകാലം കാർഷിക മേഖലയെ നേരിട്ട് കണ്ടറിഞ്ഞുകൊണ്ടാണ് ഈ നയത്തിന് രൂപം കൊടുത്തിരിക്കുന്നത്. ഒരുപാട് നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട നിർദ്ദേശങ്ങളൊക്കെ തന്നെ ഉൾപ്പെടുത്തിക്കൊണ്ട് ഇതിന്റെ നയം ഫൈനലൈസ് ചെയ്യുന്നതോടൊപ്പം ഇതിനൊരു നിയമ പരിരക്ഷ ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിയമ പരിരക്ഷ ഉറപ്പുവരുത്തികൊണ്ട് മുന്നോട്ടുപോകാനാണ് ആഗ്രഹിക്കുന്നത്. നിയമപരിരക്ഷ ഉറപ്പുവരുത്തികൊണ്ട് മുന്നോട്ടു പോകുമ്പോൾ ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതായി..........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, കൃഷ്ണൻകുട്ടി കമ്മീഷൻ റിപ്പോർട്ടിൽ ധാരാളം ശുപാർശകളുണ്ടെങ്കിലും പെട്ടെന്ന് നടപ്പാക്കേണ്ട ചില കാര്യങ്ങൾ പറഞ്ഞത് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? ഫാമിംഗ്

വെൽഫെയർ ബോർഡ് സ്ഥാപിക്കണം, എല്ലാ പഞ്ചായത്തുകളിലും ലേബർ ബാങ്കുകൾ തുറക്കണം, 100 ദിനത്തിൽ കുറയാത്ത കാർഷിക പ്രവൃത്തിയിൽ ഏർപ്പെടുന്ന കർഷകത്തൊഴിലാളിക്ക് ഉല്പാദന പ്രോത്സാഹന ധനസഹായം നൽകണം എന്നീ മൂന്ന് നിർദ്ദേശങ്ങൾ നമുക്ക് പെട്ടെന്ന് ചെയ്യാവുന്നതാണ്. ഇത് നടപ്പിലാക്കുന്നതിന് അടിയന്തര തീരുമാനമെടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? നയം ചർച്ച ചെയ്തു എന്നല്ലാതെ കൃഷിക്കാർക്ക് ഇതു കൊണ്ട് എന്ത് ഗുണമാണ് ലഭിക്കുന്നത്. ഇതിന്റെ ഭാഗമായി എന്തെങ്കിലും തീരുമാനമെടുത്ത് ഗവൺമെന്റ് അത് പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ അതാണ് പറഞ്ഞുവരുന്നത്. കർഷകർക്ക് ഇൻകം ഗ്യാരന്റിയും ക്രോപ്പ് ഇൻഷ്വറൻസും ഉറപ്പു വരുത്തുന്നതുൾപ്പെടെ മറ്റ് കാര്യങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് നയം പൂർണ്ണതയിലേയ്ക്ക് എത്തിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ലാഭാവകാശമാണ്. അവകാശലാഭം എന്ന ലോകത്തിലെ ഇദംപ്രഥമമായ ആശയം ഈ കാർഷിക നയത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. 19 രൂപയ്ക്ക് സംഭരിക്കുന്ന നെല്ല് അരിയായി മാറ്റുമ്പോൾ 60 മുതൽ 100 രൂപവരെയുള്ള വിലയ്ക്കാണ് വിപണിയിൽ വിൽക്കുന്നത്. അതിൽ ലാഭം കിട്ടുമ്പോൾ ആ അവകാശം കർഷകന് കിട്ടേണ്ടതാണെന്നാണ് പ്രധാനമായി ഉദ്ദേശിക്കുന്നത്. വളരെ സമഗ്രമായ കാർഷിക വികസന നയം രൂപപ്പെടുത്തുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശ്വസിക്കുകയാണ്. ഭാവി പദ്ധതികളെല്ലാം ഈ നയം അധികരിച്ചുള്ളതായിരിക്കും. മാത്രമല്ല ഇവയുടെ നടത്തിപ്പിന് പ്രഥമമായ മുൻഗണന നൽകുമെന്ന് നിയമപരിരക്ഷ ഉറപ്പുവരുത്തിക്കൊണ്ട് ഞാൻ ഉറപ്പുനൽകുകയാണ്. ഡിപ്പാർട്ടുമെന്റ് പുന:സംഘടിപ്പിക്കുകയും

ആധുനികവൽക്കരിക്കുകയും ചെയ്യേണ്ടതാണ്. അതിന്റെ ഭാഗമായി നാമധേയത്തിൽ മാറ്റം വരുത്തണമെന്ന് ആഗ്രഹിക്കുകയാണ്. അതുകൊണ്ട് അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് എന്നത് അഗ്രിക്കൾച്ചർ ഡെവലപ്മെന്റ് ആന്റ് ഫാർമേഴ്സ് വെൽഫെയർ ഡിപ്പാർട്ടുമെന്റ് എന്നാക്കി മാറ്റാൻ ആഗ്രഹിക്കുക യാണ്. അതുപോലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് കാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള ശക്തമായ ഇടപെടൽ എന്റെ ഭാഗത്തുനിന്നുണ്ടാകും. ആധുനികവത്ക്കരണത്തിന്റെ ഭാഗമായി, തെരഞ്ഞെടുക്കപ്പെട്ട കൃഷി ഭവനുകളിൽ വെർച്വൽ ക്ലാസ് റൂം സംവിധാനമൊരുക്കി കർഷകർക്ക് ലോകത്താകമാനമുള്ള കാർഷിക മേഖലയെക്കുറിച്ച് പഠിക്കാനും പുതിയ രീതികൾ ഇൻട്രൊഡ്യൂസ് ചെയ്യാനും കഴിയുന്ന രൂപത്തിലുള്ള സംവിധാനം ഏർപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. നമുക്ക് സംഭരണശാലകൾ വളരെ കുറവായതിനാൽ കൂടുതൽ വെയർഹൗ സുകളും സൈലൗസും ആരംഭിക്കാനുള്ള നടപടി സ്വീകരിക്കും. അതു പോലെ കന്നുകാലികളെ സംരക്ഷിക്കാനുള്ള നടപടികൾ കൂടി ആരംഭിക്കുക യാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ വിഷയം ചർച്ച ചെയ്യുമ്പോൾ നിലവിലുള്ള നെല്ല് സംഭരണ നിലവാരത്തിൽ കേന്ദ്രം നിശ്ചയിക്കുന്നതിൽ കൂടുതലായി ഒരു രൂപപോലും കൊടുത്തുകൂട എന്ന നിബന്ധന അടിച്ചേൽപ്പി ച്ചതായി അറിയുമോ? അതുംകൂടി വന്നാൽ കർഷകരുടെ സ്ഥിതി എന്തായിരി ക്കുമെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, അങ്ങനെ വേണമെന്ന അഭിപ്രായം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. അതിനെതിരെ ഒരു കത്ത് കേന്ദ്രമന്ത്രി ശ്രീ. രാധാ മോഹൻ സിംഗിന് അയച്ചിട്ടുണ്ട്. അദ്ദേഹം അതിന്

മറുപടിയായി എന്നോട് സംസാരിക്കാം എന്ന് പറഞ്ഞിട്ടുണ്ട്. ഓഗസ്റ്റ് മാസത്തിൽ ഞാനും ഭക്ഷ്യവകുപ്പുമന്ത്രിയും അദ്ദേഹവുമായി കൂടികാഴ്ച നടത്തുന്നതാണ്. ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ്, വയനാട് പാക്കേജ് തുടങ്ങിയ പാക്കേജുകൾക്ക് ആരംഭത്തിൽത്തന്നെ അപാകതകളുണ്ടായി. ഇറിഗേഷൻ വകുപ്പിന് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല എന്നത് സത്യമാണ്. അവർക്കാവശ്യമായ ഇൻപുട്ട്സും മറ്റും കൊടുക്കുന്നുണ്ട്. ഇപ്പോൾ കുമ്മായം ഇല്ല എന്നു പറഞ്ഞപ്പോൾ കക്ക ഉൾപ്പെടെ കൊടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അങ്ങനെ കൃഷി വകുപ്പിൽനിന്ന് കൊടുക്കേണ്ട എല്ലാ കാര്യങ്ങളും ചെയ്തുകൊടുത്താണ് മുന്നോട്ട് പോകുന്നത്. ബണ്ട് സംരക്ഷിച്ചുകൊണ്ട് മേഖലയെ കാർഷിക യോഗ്യമാക്കാൻ വേണ്ടിയുള്ള ശക്തമായ ഇടപെടൽ, പാക്കേജിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് നടത്തുന്നതാണ്. അതിനുള്ള പ്രാരംഭ നടപടികളായി റാണി ചിത്തിര കായലിന് പ്രത്യേക പരിരക്ഷ കൊടുത്തുകൊണ്ട് ഏകദേശം 7 കോടി രൂപയുടെ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങളാണ് പറയാനുള്ളത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, പ്രസക്തമായ കാര്യം ഞങ്ങൾക്കറിയേണ്ടത് കൃഷ്ണൻകുട്ടി കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ; മന്ത്രിസഭ ഈ റിപ്പോർട്ട് അംഗികരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കണം.

<u>ശ്രീ. കെ.പി. മോഹനൻ:</u> സർ, കാർഷിക വികസന നയം സർക്കാരിന്റെ നയമാണ്. ആ നയം രൂപീകരിക്കാൻവേണ്ടിയാണ് ബഹുമാനപ്പെട്ട മുൻ എം. എൽ.എ.-യും കാർഷിക വിദഗ്ദ്ധനുമായ കൃഷ്ണൻകുട്ടിയെയും ഡോ.

ഹാലിയുൾപ്പെടെയുള്ള ആളുകളെ ചുമതലപ്പെടുത്തിയത്. അവർ അത് നല്ല രീതിയിൽ രൂപപ്പെടുത്തിയിട്ടുണ്ട്. ഇത് ഗവൺമെന്റിന്റെ നയമാണ്. ഇത് സ്വീകരിക്കുകമാത്രമല്ല ക്യാബിനറ്റ് അംഗീകരിക്കുകയും ക്യാബിനറ്റ്............... ഇത്തരത്തിലുള്ള മൈൻഡ്സെറ്റ് മാറ്റാതെ ഒരിക്കലും................ ആര് എന്നതല്ല എന്ത് എന്നതിനാണ് പ്രസക്തി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, പ്ലീസ് കൺക്ലൂഡ് .......

ശ്രീ. കെ. പി. മോഹനൻ: സർ, ഇവിടെ കരട് നയമാണ് വച്ചിരിക്കുന്നത്. ആ നയം ചർച്ച ചെയ്തിരിക്കുകയാണ്. ആ ചർച്ചയിലെ പ്രധാനപ്പെട്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വീണ്ടും സമർപ്പിക്കുന്നതാണ്................ അംഗീകരിച്ചിട്ടില്ല എന്ന് പറഞ്ഞിട്ടില്ല. കരട് നയമാണ്. കരട് നയം ചർച്ചയ്ക്ക് വന്നു. ചർച്ചയിലെ നിങ്ങളുടെ നിർദ്ദേശങ്ങളടക്കം ഉൾക്കൊള്ളിച്ചുകൊണ്ട് ഫൈനലൈസ് ചെയ്യും.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂലൈ മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.36-ന് പിരിഞ്ഞു.)

*************